# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## കരുംകുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജിപി.3 /1517/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 28/11/2024
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരുംകുളം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജിപി.3 /1517/2024 തീയ്യതി: 28/11/2024

## തിരുവനന്തപുരം ജില്ലയിലെ കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രതാപ് കുമാർ .ആർ | ഡെപ്യൂട്ടി ഡയറക്ടർ | 07-08-2024 | 19-08-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-08-2024 | 19-08-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി. ലക്ഷ്മി വി.എസ്. നായർ, ഓഡിറ്റ് ഓഫീസർ
ശ്രീ. അഭിജിത് ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. വെർജിൻ ഷീജ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി. സുനിതാ ബാബു,സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഫ്രീഡ സൈമൺ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ഡോ.ഷീബ സ്റ്റീഫൻ | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബി. ലൈല | അസി. എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ഡോ. മീരാറാണി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2023 | 31-03-2024 |
| ശ്രീമതി സജിതകുമാരി കെ.ആർ. | ഹെഡ്മിസ്ട്രസ് | 01-04-2023 | 31-03-2024 |
| ശ്രീമതി ഉഷ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |
| ശ്രീമതി ദീപ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീമതി ഷിജി രാജൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ഡോ. ന്യൂജ | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2023 | 31-03-2024 |
| ശ്രീ. ജയകുമാർ .എൻ.ജെ | വി.ഇ.ഒ. (South Circle) | 01-04-2023 | 09-07-2023 |
| ശ്രീമതി ആശ .എസ്.ആർ | വി.ഇ.ഒ. (South Circle) | 10-07-2023 | 31-03-2024 |
| ശ്രീമതി സംഗീത .സി.എസ് | വി.ഇ.ഒ. (North Circle) | 01-04-2023 | 31-03-2024 |
| ഡോ. മംഗള | മെഡിക്കൽ ഓഫീസർ, അലോപ്പതി | 01-04-2023 | 31-03-2024 |
| ശ്രീമതി. സോണിരാജ് .എൻ | ഫിഷറീസ് ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി ജിഷ്മ .ജി.എസ് | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ. ശ്രീലക്ഷ്മി | വെറ്റിനറി സർജൻ | 01-04-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിൻ മേലുള്ള കുറിപ്പുകളും വാർഷിക അനുപാതങ്ങളും വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല | 1-1-1 |
| 3 | സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ക്യാഷ് ഫ്ലോ തുകയും മുന്നിരിപ്പ് നീക്കിയിരിപ്പ് തുകകളുടെ വ്യത്യാസവും പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | Prior Period Income And Expenditure തുകകളുടെ Net Difference കണക്കാക്കിയതിൽ അപാകം | 1-1-4 |
| 6 | പഞ്ചായത്ത് ഫണ്ട് വരവ്-ചെലവ് നിർണ്ണയിച്ച ഷെഡ്യൂൾ ലഭ്യമാക്കിയിട്ടില്ല. | 1-1-5 |
| 7 | അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല | 1-1-6 |
| 8 | വിവിധ ചെലവുകൾക്ക് ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല | 1-1-7 |
| 9 | Liability In Respect Of Stale Cheque എന്ന ശീർഷകത്തിലെ തുകകളുടെ വിവരം ലഭ്യമാക്കിയിട്ടില്ല | 1-1-8 |
| 10 | വാർഷിക ധനകാര്യപത്രിക പ്രകാരം വരവിനേക്കാൾ കൂടുതലായി ചെലവ് ചെയ്തിരിക്കുന്നു. | 1-1-9 |
| 11 | ബാങ്ക് അക്കൗണ്ടുകളുടെ റീക്കൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല. | 1-1-10 |
| 12 | മൂന്നു മാസത്തിൽ കൂടുതലായിട്ടും പണമാകാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. | 1-1-11 |
| 13 | വസ്തു നികതി - വാർഷിക കണക്കുകളും പൊരുത്തപ്പെടുന്നില്ല | 1-1-12 |
| 14 | E-tender Forms വരവ് തുക വാർഷികധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-13 |
| 15 | സംയുക്ത പ്രോജക്ട്-നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-14 |
| 16 | അക്കൗണ്ട്സ് പരിശോധനയിലെ മറ്റ് നിരീക്ഷണങ്ങൾ | 1-1-15 |
| 17 | ബജറ്റ് | 1-2 |
| 18 | സാമ്പത്തിക വിശകലനം | 1-3 |
| 19 | ഗ്രാന്റ് വിനിയോഗം | 1-4 |
| 20 | പദ്ധതി അവലോകനം | 1-5 |
| 21 | പെൻഷൻ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങുന്നില്ല | 1-6-1 |
| 22 | ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ | 1-6 |
| 23 | ക്യാഷ് പരിശോധന | 1-7 |

| | | |
|---|---|---|
| 24 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 25 | തൊഴിലുറപ്പ് പദ്ധതി | 1-9 |
| 26 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 27 | സേവന ഉപനികുതി ഈടാക്കാവുന്നതാണ്. | 1-11-1 |
| 28 | വസ്തു നികുതി പരിഷ്കരണത്തിന് ശേഷം നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമായിട്ടില്ല | 1-11-2 |
| 29 | മൊബൈൽ ടവറുകളുടെ വസ്തുനികുതി അടവാക്കാൻ അവശേഷിക്കുന്നു | 1-11-3 |
| 30 | അനധികൃത കെട്ടിടങ്ങൾ - തുടർനടപടികൾ സ്വീകരിക്കുന്നില്ല. | 1-11-4 |
| 31 | വസ്തുനികുതി പരിഷ്കരണം - നടപടികൾ പൂർത്തിയായിട്ടില്ല | 1-11 |
| 32 | FTE & OS ലൈസൻസ്-അപാകങ്ങൾ | 1-12 |
| 33 | തൊഴിൽ നികുതി - അപാകങ്ങൾ | 1-13 |
| 34 | ഹരിത കർമസേന & മാലിന്യ സംസ്കരണം - പ്രവർത്തനാവലോകനം | 1-14 |
| 35 | മരുന്ന് ലഭ്യമായില്ല- 99,983/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-15 |
| 36 | ടേക്ക് എ ബ്രേക്ക് - പ്രവർത്തനക്ഷമമല്ല | 1-16 |
| 37 | കിണർ വൃത്തിയാക്കൽ പദ്ധതിയിലെ അപാകങ്ങൾ | 1-17 |
| 38 | കോക്ലിയാർ ഇംപ്ലാന്റേഷൻ തുക അടവാക്കൽ - ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല – 50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-18 |
| 39 | ആശ്രയ, പാഥേയം പദ്ധതികളുടെ തുക വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല - 4,40,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-19 |
| 40 | മിനിമാസ്റ്റ് ലൈറ്റ് -ഇലക്ട്രിഫിക്കേഷൻ പൂർത്തിയാക്കിയില്ല | 1-20 |
| 41 | മരാമത്ത് പ്രവൃത്തി പൂർത്തിയാക്കിയില്ല | 1-21 |
| 42 | അംഗൻവാടി മെയിന്റനൻസ്-റൂഫ് നിർമ്മാണത്തിനായി ഡിസ്മാന്റിൽ ചെയ്ത ഇനങ്ങൾ ലേലം ചെയ്തില്ല | 1-22 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങളുടെ വിവരം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി വിവരങ്ങൾ | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |

| | | |
|---|---|---|
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ  അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർഫിക്കറ്റ്

1. കരുംകുളം ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റെസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യത സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 12-06-2024 തീയതിയിലെ 1 (1)-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 01.07.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കരുംകുളം ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024 -ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

## 1-1-1 അക്കൗണ്ടിൻ മേലുള്ള കുറിപ്പുകളും വാർഷിക അനുപാതങ്ങളും

## വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 21/24 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-1-2 സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 58 (4) (എ)) പ്രകാരം സ്റ്റോക്കിന്റെ ഭൗതിക പരിശോധനയും പൊരുത്തപ്പെടുത്തലും ഓരോ വർഷാന്ത്യത്തിലും നടത്തണമെന്നുണ്ട്. എന്നാൽ 2023-24 വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്ക് മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക ബാലൻസ് ഷീറ്റ് B-14 ഷെഡ്യൂൾ Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നമ്പർ 21/24 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-1-3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ ക്യാഷ് ഫ്ലോ തുകയും മുന്നിരിപ്പ് നീക്കിയിരിപ്പ് തുകകളുടെ വ്യത്യാസവും പൊരുത്തപ്പെടുന്നില്ല.

Cash Flow Statement –ൽ "Net Cash Generated" പ്രകാരമുള്ള തുകയും (4418551) "Net Increase / (Decrease) In Cash And Cash Equivalents – തുകയുമായി (-13717084.70) പൊരുത്തപ്പെടുന്നില്ല. ഓഡിറ്റ് എൻക്വയറി നമ്പർ 21/24 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-1-4 Prior Period Income And Expenditure തുകകളുടെ Net Difference കണക്കാക്കിയതിൽ അപാകം

Income & Expenditure Statement Abstract Report ൽ Gross Surplus/(deficit)of Income Over Expenditure After Prior Period Items എന്നത് കണക്കാക്കിയതിൽ Prior Period Income And Expenditure തുകകളുടെ Net Difference ആയി -1337682/- രൂപ എന്നതിന് പകരം 1337682/- രൂപ രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഓഡിറ്റ് എൻക്വയറി നമ്പർ 21/24 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-1-5 പഞ്ചായത്ത് ഫണ്ട് വരവ്-ചെലവ് നിർണ്ണയിച്ച ഷെഡ്യൂൾ ലഭ്യമാക്കിയിട്ടില്ല.

പഞ്ചായത്തിന്റെ തൻവർഷത്തെ വരവ്-ചെലവ് കണക്കുകൾ (പഞ്ചായത്ത് ഫണ്ട്) നിർണ്ണയിച്ച ബി-1 ഷെഡ്യൂൾ വാർഷിക കണക്കുകളോടൊപ്പം ലഭ്യമാക്കിയിട്ടില്ല.

## 1-1-6 അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ പ്രതിമാസ ജേണൽ എൻട്രി നടത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്രൂവൽ ചെയ്യേണ്ട ഓരോ വരുമാന ഇനങ്ങളുടെയും പ്രതിമാസ ഡിമാന്റ്, ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വിവിധ വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷാവസാനം മാത്രമാണ് ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ തീയതി |
|---|---|---|
| 110100101 | Property Tax On Residential Building | 31.03.2024 |

| | |
|---|---|
| 110100102 | Property Tax On Non Residential Building |
| 110200101 | Profession Tax Institution |
| 110200105 | Profession Tax Trader |

ഓഡിറ്റ് എൻക്വയറി നമ്പർ 21/24 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-1-7 വിവിധ ചെലവുകൾക്ക് ബാലൻസ്ഷീറ്റിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

2023-24 സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത വിവിധ ചെലവുകൾക്ക് (ഉദാഹരണമായി ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ്) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നമ്പർ 21/24 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-1-8 Liability In Respect Of Stale Cheque എന്ന ശീർഷകത്തിലെ തുകകളുടെ വിവരം ലഭ്യമാക്കിയിട്ടില്ല

ഹെഡ് കോഡ് 350800101 Liability In Respect Of Stale Cheque എന്ന ശീർഷകത്തിൽ 3,72,735/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ലെഡ്ജറിൽ ചെക്കുകളുടെ നമ്പർ, തീയതി, തുക തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 21/24 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-1-9 വാർഷിക ധനകാര്യപത്രിക പ്രകാരം വരവിനേക്കാൾ കൂടുതലായി ചെലവ് ചെയ്തിരിക്കുന്നു.

ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ് പ്രകാരം ആകെ വരവ് 15,91,85,102/- രൂപയും ആകെ ചെലവ് 16,47,61,687/- രൂപയും Gross Deficit Of Income Over Expenditure After Prior Period Items 69,14,267/- രൂപയുമാണ്. സ്റ്റേറ്റ്മെന്റ് പ്രകാരം വരവിനേക്കാൾ കൂടുതലായി ചെലവ് ചെയ്തിരിക്കുന്നു.

## 1-1-10 ബാങ്ക് അക്കൗണ്ടുകളുടെ റീക്കൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കിയില്ല.

State Bank Of India(SBI E-Payment),Indian Bank (Indian Bank TSC) എന്നീ അക്കൌണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ്, റീക്കൺസീലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറി 29/24ന് മറുപടി ലഭ്യമാക്കിയില്ല.

## 1-1-11 മൂന്നു മാസത്തിൽ കൂടുതലായിട്ടും പണമാകാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

Indian Bank Karimkulam (A/c No. 6014716811) റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ചെക്കിന്റെ കാലാവധിക്കുള്ളിൽ (നല്കി 3 മാസത്തിനുള്ളിൽ), പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ചെക്ക് നം. | തീയതി | തുക |
|---|---|---|---|
| 1 | 865077 | 15.12.23 | 34072 |
| 2 | 825782 | 4.8.23 | 16100 |
| 3 | 825783 | 4.8.23 | 9500 |
| 4 | 825795 | 10.8.23 | 6000 |

| | | | |
|---|---|---|---|
| 5 | 865017 | 17.10.23 | 3470 |
| 6 | 9085493 | 3.11.23 | 16100 |
| 7 | 9085493 | 3.11.23 | 6000 |
| 8 | 9085493 | 3.11.23 | 11000 |

വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറി നമ്പർ 29/24 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-1-12 വസ്തു നികതി - വാർഷിക കണക്കുകളും പൊരുത്തപ്പെടുന്നില്ല

വസ്തുനികുതിയുടെ DCB സ്റ്റേറ്റ്മെന്റും വാർഷിക ധനകാര്യ പത്രികയും (B15) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| Code | Item | AFS പ്രകാരം | DCB Statement |
|---|---|---|---|
| 431100101 | Receivables For Property Tax On Residential Buildings (Current) | 307354 | 299206 |
| 431100102 | Receivables For Property Tax On Residential Buildings (Arrears) | 222208 | 228221 |
| 431100103 | Receivables For Property Tax On Non Residential Buildings (Current) | 72253 | 75697 |
| 431100104 | Receivables For Property Tax On Non Residential Buildings (Arrears) | 89600 | 91631 |

വിശദീകരണം ആവശ്യപ്പെട്ട് നല്കിയ എൻക്വയറി നമ്പർ 31 ന് മറുപടി നല്കിയില്ല.

## 1-1-13 E-tender Forms വരവ് തുക വാർഷികധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

E-tender Forms ഇനത്തിൽ വരവായി ലഭിച്ച തുക - 59355/- ആണ്. പ്രസ്തുത തുക AFS മായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ആരാഞ്ഞ് നല്കിയ എൻക്വയറി നമ്പർ 31/24 ന് മറുപടി ലഭ്യമാക്കിയില്ല.

## 1-1-14 സംയുക്ത പ്രോജക്ട്-നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല.

വാർഷിക ധനകാര്യ പത്രിക പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ മുന്നിരിപ്പുണ്ടായിരുന്ന 6,80,370/- രൂപയും (ഹെഡ് കോഡ് – 320700204) ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുകയിൽ മുന്നിരിപ്പുണ്ടായിരുന്ന 26,048/- രൂപയും (ഹെഡ് കോഡ് - 320700205) തൻവർഷം ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ അർബൻ അഗ്ലോമറേഷൻ ഫണ്ട് ഇനത്തിൽ തൻവർഷം ലഭിച്ച 11,92,589/- രൂപയിൽ 1,76,669/- രൂപയുടെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ പരാമർശിച്ച ഫണ്ടുകളുടെ ചെലവ് വിവരം സുലേഖ ചെലവ് പത്രികയിലും ഉൾപ്പെട്ടിട്ടില്ല. ഓഡിറ്റ് എൻക്വയറി നമ്പർ 29/24ന് മറുപടി ലഭ്യമാക്കിയില്ല.

## 1-1-15 അക്കൗണ്ട്സ് പരിശോധനയിലെ മറ്റ് നിരീക്ഷണങ്ങൾ

**1. അഡ്വാൻസ് തുകകൾ ക്രമീകരിച്ചിട്ടില്ല.**

2023-24 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക B-18 ഷെഡ്യൂൾ പ്രകാരം Festival Advance ഇനത്തിൽ 7600/- രൂപ തിരികെ ഈടാക്കി ക്രമീകരിച്ചിട്ടില്ല. ക്രമീകരിക്കാൻ സ്വീകരിച്ച തുടർനടപടി ആരാഞ്ഞ് നല്കിയ ഓഡിറ്റ് എൻക്വയറി നമ്പർ 29/24 ന് മരുപടി ലഭ്യമാക്കിയില്ല.

**2. ലൈബ്രറി സെസ്സ് അടവാക്കുവാൻ അവശേഷിക്കുന്നു.**

2022-23 വാർഷിക ധനകാര്യ പത്രികയിലെ B-9 ഷെഡ്യൂൾ പ്രകാരം ലൈബ്രറി സെസ്സ് ഇനത്തിൽ

2,66,427/- രൂപ നീക്കിയിരിപ്പുണ്ട്. 2023-24 വർഷത്തെ RP 35 പ്രകാരം ലൈബ്രറി സെസ്സ് ഇനത്തിൽ 1,92,086/- രൂപ വരവുണ്ട്. B-9 ഷെഡ്യൂൾ പ്രകാരം 1,93,770/- രൂപ അടവാക്കുവാൻ അവശേഷിക്കുന്നു. പ്രസ്തുത തുകകൾ ഒടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശം ആരാഞ്ഞ് നല്കിയ എൻക്വയറി നമ്പർ 29/24ന് മറുപടി ലഭ്യമാക്കിയില്ല.

**3. ഡെപ്പോസിറ്റുകൾ ക്രമീകരിച്ചിട്ടില്ല.**

2022-23 B-7 ഷെഡ്യൂളിൽ ഉണ്ടായിരുന്ന ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റുകൾ 2023-24 വർഷവും ക്രമീകരിച്ചിട്ടില്ല.

| ഹെഡ് കോഡ് | ഇനം | നീക്കിയിരിപ്പ് |
|---|---|---|
| 340100102 | Supplier’s Earnest Money Deposit | 9220 |
| 340100303 | Election Deposit | 55,500 |
| 340100203 | Bidders’ Security Deposit | 7500 |
| 340200101 | Rent Deposit | 15600 |
| 340100401 | Road Cutting -Deposit | 1801,701 |
| 340100202 | Suppliers Security Deposit | 48,404 |
| 3401019901 | Other Deposits | 3739 |

കേരള ഫിനാൻഷ്യൽ കോഡ് വാള്യം-I ആർട്ടിക്കിൾ 282(1) പ്രകാരം പഞ്ചായത്ത് സ്വീകരിക്കുന്ന ഡെപ്പോസിറ്റുകൾ മൂന്നു വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും തിരിച്ചു വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതാണ്. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയതിന്റെ വിശദാംശം ആരാഞ്ഞ് നല്കിയ എൻക്വയറി 29/24 ക്ക് മറുപടി ലഭ്യമാക്കിയില്ല. കൂടാതെ ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കാത്തതിനാൽ കാലാവധിയുടെ ആധികാരികത പരിശോധിക്കാൻ സാധിച്ചില്ല.

**4. Ward Level Sanitation എന്ന പ്രവൃത്തിക്കായി അനുവദിച്ച തുക ക്രമീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയില്ല.**

B-18 Schedule ൽ Other Advances (460100199) എന്ന ഇനത്തിൽ Ward Level Sanitation എന്ന പ്രവൃത്തിക്കായി 1,80,000/- രൂപ (Vr. No. 22300559/11.12.23) അനുവദിച്ചിട്ടുണ്ട്. ആയത് തിരിച്ചടച്ചതിന്റെയോ/ക്രമീകരിച്ചതിന്റെയോ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറിക്ക് (29/24) മറുപടി ലഭ്യമാക്കിയില്ല.

**5. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നല്കിയ തുക ക്രമീകരിച്ചില്ല.**

Advance To Implementing Officers (460500501) എന്ന ഇനത്തിൽ മുന്നിരിപ്പായി 9,71,246/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് തിരിടച്ചതിന്റെയോ/ക്രമീകരിച്ചതിന്റെയോ വിശദാംശം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നല്കിയ എൻക്വയറി നമ്പർ 29/24 ന് മറുപടി നല്കിയില്ല.

## 1-2 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തെ ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവ സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| പാസ്സാക്കിയ തീയതി | 27.3.2023 | 1.2.2024 |
| ഭരണസമിതി തീരുമാനം | 1 | 1 |
| മുന്നിരിപ്പ് | 7793951 | 4036549 |
| പ്രതീക്ഷിത വരവ് | 452707000 | 318725300 |
| ആകെ | 460500951 | 322761849 |
| പ്രതീക്ഷിത ചെലവ് | 454050050 | 316597820 |
| നീക്കിയിരിപ്പ് | 6450901 | 6164029 |

2023-24 വർഷത്തെ ബജറ്റ് ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കാൻ നിർദ്ദേശിച്ചെങ്കിലും (എൻക്വയറി നമ്പർ 1 പ്രകാരം) ആയത് ഹാജരാക്കിയിട്ടില്ല. പ്രസ്തുത കാരണത്താൽ ബജറ്റ് തയ്യാറാക്കുന്നതിന് 1994 കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215, തദ്ദേശസ്വയംഭരണ വകുപ്പിന്റെ 2.12.16-ലെ ജി.ഒ. (ആർ.ടി) 3291/16/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് എന്നിവ അനുസരിച്ചുള്ള നടപടിക്രമങ്ങൾ എന്നിവ പാലിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

(റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 26571181.70 |
| വരവ് | 81335266 |
| ആകെ | 107906447 |
| ചെലവ് | 95052350 |
| നീക്കിയിരിപ്പ് | 12854097.70 |

## 1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ഗ്രാന്റുകളുടെ വിനിയോഗവിവരം ചുവടെ ചേർക്കുന്നു.

| Fund/Grant | മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | **0** | 21609639 | 27356388 | -5746749 |
| വികസനഫണ്ട് (എസ്.സി.പി) | **0** | 7084645 | 6353004 | 731641 |
| വികസനഫണ്ട് (ടി.എസ്.പി) | **0** | 0 | 0 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | **0** | 3440500 | 6720153 | -3279653 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | **0** | 4587000 | 7839508 | -3252508 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | **0** | 1234650 | 1234650 | 0 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | **0** | 1741400 | 1651404 | 89996 |
| കേന്ദ്രാവിഷ്കൃത ഫണ്ട് (സി.എസ്.എസ്) | **0** | 0 | 1885836 | -1885836 |
| സംസ്ഥാനവിഷ്കൃത ഫണ്ട് (എസ്.എസ്.എസ്) | **0** | 0 | 17543750 | -17543750 |

1. ഗ്രാന്റ് സ്റ്റേറ്റ്മെന്റ് Receipt ഭാഗത്ത് Source Deduction കൂടാതെയുള്ള വരവ് തുകയും Expenditure ഭാഗത്ത് Source Deduction ഉൾപ്പെടെയുള്ള ചെലവ് തുകയുമാണ് കാണപ്പെടുന്നത്. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വിവിധ ഗ്രാന്റുകളിൽ വരവിനേക്കാൾ കൂടുതൽ ചെലവ് കാണപ്പെടുന്നുണ്ട്.
2. സി.എസ്.എസ്, എസ്.എസ്.എസ് ഫണ്ടിന്റെ വരവ് തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ നീക്കിയിരിപ്പ് തുക നെഗറ്റീവ് തുകയായി കാണപ്പെടുന്നു.
3. വെബ്സാംഖ്യ മുഖേന ലഭ്യമാകുന്ന അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ

(എ.സി.ആറിൽ) നിർവഹണ ഉദ്യോഗസ്ഥർ ബിൽ ജനറേറ്റ് ചെയ്യുമ്പോൾ തന്നെ ചെലവ് രേഖപ്പെടുത്തുന്നതിനാൽ ആയതിൽ ക്യൂബില്ലുകളും ട്രഷറിയിൽ നിന്നും പേയ്മെന്റ് ചെയ്യാത്ത ബിൽ തുകകളും ഉൾപ്പെടുന്നുണ്ട്.
4. സി.എഫ്.സി ഫണ്ടുകളിൽ (Tied &Untied) മുന്നിരിപ്പ് ഉണ്ടെങ്കിലും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.
മേൽ കാരണങ്ങളാൽ വാർഷിക ധനകാര്യ പത്രിക, ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ എന്നിവയിലെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളിൽ പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

1) 2023-24 ലെ സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെയുള്ള ഗ്രാന്റ് വരവ്-ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ് | വരവ് (സോഴ്സ് ഡിഡക്ഷൻ ഉൾപ്പെടെ) | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 2,77,02,000 | 2,73,56,388 | 99 % |
| വികസനഫണ്ട് (എസ്.സി.പി) | 78,73,000 | 63,53,004 | 81 % |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 12,34,650 | 12,34,650 | 100 % |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 17,41,400 | 16,51,404 | 95 % |

**2) പദ്ധതി ആസൂത്രണം**

2023-24 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ, ചെലവ്, നീക്കിയിരിപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴികെ) | ആകെ പദ്ധതി ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 5 | 1 | 1724585 | 1584585 | 91% |
| വെറ്ററിനറി സർജൻ | 8 | 6 | 2 | 1460000 | 539880 | 25% |
| മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 15 | 14 | 1 | 3860085 | 2918509 | 75% |
| മെഡിക്കൽ ഓഫീസർ -ഹോമിയോ | 2 | 2 | 0 | 170000 | 165449 | 97% |
| മെഡിക്കൽ ഓഫീസർ- ആയുർവേദം | 5 | 4 | 1 | 1555000 | 1533900 | 98% |
| സബ് | 7 | 7 | 0 | 7035800 | 6064042 | 86% |

| | | | | | | |
|---|---|---|---|---|---|---|
| ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | | | | | | |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 18 | 14 | 4 | 59860808 | 32398403 | 54% |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 16 | 15 | 1 | 7963080 | 7432838 | 93% |
| സെക്രട്ടറി | 54 | 33 | 21 | 26139593 | 13690889 | 52% |
| അസിസ്റ്റന്റ് എഞ്ചിനീയർ | 65 | 45 | 20 | 25573019 | 12498588 | 48% |
| ഹെഡ് മാസ്റ്റർ | 4 | 3 | 1 | 485000 | 271782 | 56% |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 0 | 1600000 | 970000 | 60% |
| അസിസ്റ്റന്റ് സെക്രട്ടറി | 17 | 10 | 7 | 3623297 | 1370439 | 37% |

സ.ഉ.(കൈ)നം. 84/2022/ ത.സ്വ.ഭ.വ, തിയതി 19/04/2022 ഉത്തരവു പ്രകാരം വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരമുള്ള നടപടി ക്രമങ്ങൾ പദ്ധതി ആസൂത്രണത്തിലും നടത്തിപ്പിലും സ്വീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

**3) ആസൂത്രണ സമിതി**

എ) ഖണ്ഡിക 3-1-1(എ)) പ്രകാരം ഓരോ വർഷവും നവംബർ 1 നു മുൻപ് ആവശ്യമെങ്കിൽ ആസൂത്രണസമിതി പുന:സംഘടിപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആസൂത്രണ സമിതി പുന:സംഘടിപ്പിച്ചിട്ടുണ്ടോയെന്നതു സംബന്ധിച്ച് വിശദാംശം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

ബി) ഖണ്ഡിക 3-1-1(എ))-(7) പ്രകാരം ആസൂത്രണസമിതി തുടർച്ചയായി പ്രവർത്തിക്കുന്നുവെന്ന് ഭരണസമിതി ഉറപ്പാക്കണം. പദ്ധതി ആസൂത്രണ പ്രക്രിയ നടക്കുന്ന കാലയളവിൽ ആവശ്യാനുസരണവും അതിനുശേഷം കുറഞ്ഞത് മൂന്നുമാസത്തിലൊരിക്കലെങ്കിലും ആസൂത്രണസമിതി യോഗം ചേരണം. എന്നാൽ ഒരു യോഗം മാത്രമാണ് തൻവർഷം കൂടിയിട്ടുള്ളത്. (1/12/2023 ൽ) ആയതിന്റെ മിനിട്ട്സ് രേഖപ്പെടുത്തിയിട്ടില്ല. ഖണ്ഡിക 3-1-1 (ബി)യിൽ ആസൂത്രണ സമിതിയുടെ 17 ചുമതലകൾ വിവരിച്ചിട്ടുണ്ട്. പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട മീറ്റിംഗിലും ചർച്ച ചെയ്ത വിഷയങ്ങൾ, തീരുമാനങ്ങൾ ഒന്നും തന്നെ മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതി നിർവഹണത്തിൽ പ്രാരംഭ ഘട്ടത്തിലെ സുപ്രധാനമാണ് പദ്ധതി ആസൂത്രണം. ആയതിൻമേൽ സർക്കാർ നിർദ്ദേശ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഭരണസമിതി ആവശ്യമായ ശ്രദ്ധ നൽകേണ്ടതാണ്.

**4) വർക്കിംഗ് ഗ്രൂപ്പുകൾ**

വർക്കിംഗ് ഗ്രൂപ്പുകൾ 2023-24 സാമ്പത്തിക വർഷത്തെ പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട് രണ്ട്, മൂന്നു പ്രാവശ്യം മീറ്റിംഗ് കൂടിയിട്ടുണ്ട്. പദ്ധതി അംഗീകാരം നേടിയ ശേഷം മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കണമെന്ന് മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും മോണിറ്ററിംഗ് നിർവഹിച്ചിട്ടില്ല. യാതൊരു പദ്ധതിയും നടപ്പിലാക്കിയതു സംബന്ധിച്ച് വിലയിരുത്തലുകൾ നടത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ 2023-24 വർഷത്തെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട ചുമതലകൾ നിർവഹിച്ചതായി മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗ് കൂടാതെ മീറ്റിംഗ് കൂടിയതായി മിനിട്ട്സിൽ രേഖപ്പെടുത്തിയിരിക്കുന്നു. ഉദാഹരണമായി പട്ടികജാതി വികസനം വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സ് ബുക്കിൽ പേജ് നമ്പർ 20&21 ൽ 2024-25 വാർഷിക രൂപീകരണവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് 06/01/2024 ൽ കൂടിയതായി

രേഖപ്പെടുത്തിയിരിക്കുന്നു. പങ്കെടുത്തവർ എന്നെഴുതിയ കോളം പേരും ഒപ്പുമില്ലാതെ ഒഴിച്ചിട്ടിരിക്കുന്നു. മിനിട്ട്സും രേഖപ്പെടുത്തിയിട്ടില്ല. മറ്റു വർക്കിംഗ് ഗ്രൂപ്പ് മിനിട്ട്സുകളും ഇപ്രകാരം പേജുകൾ കാണാനാകും. ഇത്തരം നടപടികൾ പദ്ധതി നിർവഹണത്തെയും ലക്ഷ്യത്തെയും വ്യക്തമായി സ്വാധീനിക്കും.

5) സ്റ്റാറ്റസ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കി വർക്കിംഗ് ഗ്രൂപ്പുകൾ വാർഷിക പദ്ധതിയിലെ കരട് പ്രോജക്ട് തയ്യാറാക്കി ഗ്രാമസഭകളിൽ അവതരിപ്പിക്കേണ്ടതും ഗ്രാമസഭകളിലെ ചർച്ചയ്ക്ക് അനുസൃതമായി ഭരണസമിതിയുടെയും തുടർന്ന് വികസന സെമിനാറിന്റെയും പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ ഇത്തരം ചുമതലകളൊന്നും നിർവഹിച്ചിട്ടില്ല. ( ഖണ്ഡിക3-1-1(സി)).

**6) സ്റ്റാന്റിംഗ് കമ്മിറ്റികൾ (ഖണ്ഡിക 3-4-2(3))**

വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രോജക്ടുകൾ വർക്കിംഗ് ഗ്രൂപ്പിന്റെ സഹായത്തോടെ നിർവഹണോദ്യോഗസ്ഥൻ സുലേഖ സോഫ്റ്റ് വെയറിൽ ഡാറ്റാ എൻട്രി ചെയ്യുമ്പോൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി പ്രോജക്ട് അംഗീകരിച്ച തീരുമാനം നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തണം. ഇപ്രകാരം പ്രോജക്ടിൽ തീരുമാനമെടുത്തതായി രേഖപ്പെടുത്തിയിട്ടുള്ള തിയതികളിൽ പ്രസ്തുത സ്റ്റാന്റിംഗ് കമ്മിറ്റി മീറ്റിംഗ് കൂടിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റി | സുലേഖയിൽ പദ്ധതി അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുള്ള തീരുമാനം നമ്പർ, തീയതി | റിമാർക്സ് (മിനിട്സ് ബുക്ക് പ്രകാരം ) |
|---|---|---|---|
| 50/24 പാഥേയം | ക്ഷേമകാര്യം | 1(1) 21/02/2023 | 21/02/2023ൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മീറ്റിംഗ് കൂടിയിട്ടില്ല |
| 108/24 എസ്.സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങൽ | വികസനം | 1((1) 2/03/23 | 02/03/2023 ൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റി മീറ്റിംഗ് കൂടിയിട്ടില്ല |
| 72/24 വയോജനങ്ങൾക്ക് കട്ടിൽ | ക്ഷേമകാര്യം | 1(1) 21/02/2023 | 21/02/2023ൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മീറ്റിംഗ് കൂടിയിട്ടില്ല |

സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്ത് പദ്ധതി അംഗീകരിക്കാതെ സുലേഖയിൽ പദ്ധതി സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടുള്ളത് ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 10, തീയതി. 13/08/2024) മറുപടി ലഭ്യമാക്കിയില്ല. ആയതിൻമേൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

7) ഖണ്ഡിക 5-2-(ബി)-1 പ്രകാരം ഖരമാലിന്യസംസ്കരണം, ദ്രവമാലിന്യസംസ്കരണം, ഇതരമാലിന്യസംസ്കരണം എന്നീ പ്രോജക്ടുകൾക്ക് മുൻഗണന നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ മേഖലയിൽ വി.ഇ.ഒ നിർവഹണോദ്യോഗസ്ഥനായി 7 പ്രോജക്ടുകൾ

നടപ്പിലാക്കിയിട്ടുണ്ട്.

**8) ഗ്രാമസഭ**

ഗ്രാമസഭ മിനിട്സ് ഓഡിറ്റിനു ലഭ്യമാക്കിയില്ല. ഓഡിറ്റ് എൻക്വയറി നം. 11 തീയതി. 13/08/2024 മുഖാന്തിരം ആവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

## 1-6-1 പെൻഷൻ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങുന്നില്ല

തദ്ദേശസ്വയം ഭരണസ്ഥാപനത്തിൽ ലഭിച്ചതും അനുവദിച്ചതും നിരസിച്ചതും ആയ പെൻഷൻ അപേക്ഷകളുടെ ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും ലിസ്റ്റ് ഗ്രാമസഭയിൽ വായിക്കേണ്ടതുമാണ്. പഞ്ചായത്ത് ഡയറക്ടറുടെ 28.09.2019 ലെ നം PAN/2021/2019-DBT-1(DP) സർക്കുലർ പ്രകാരം സാമൂഹ്യസുരക്ഷാപെൻഷൻ പുതുതായി അനുവദിച്ചവരുടെയും നിരസിച്ചവരുടെയും വാർഡ് തല ലിസ്റ്റ് ഗ്രാമസഭയുടെ അംഗീകാരം വാങ്ങേണ്ടതാണ്. ഇപ്രകാരം അംഗീകാരം വാങ്ങിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (05/09.08.24) നാളിതുവരെ അംഗീകാരം വാങ്ങിയിട്ടില്ലായെന്നും ഇനിമുതൽ ഗ്രാമസഭകളിൽ ലിസ്റ്റിന് അംഗീകാരം വാങ്ങുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പെൻഷൻ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-6 ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 386000 | 220 |
| വിധവാപെൻഷൻ | 1434800 | 960 |
| വാർദ്ധക്യകാല പെൻഷൻ | 3942400 | 2979 |
| വികലാംഗ പെൻഷൻ | 858800 | 528 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 43200 | 25 |
| വിവാഹധനസഹായം | 180000 | 6 |

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.08.24, 3.15pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5284/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

1) പഞ്ചായത്തിൽ പൊതുവേ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ശരിയായ രീതിയിൽ പ്രവർത്തിച്ചു വരുന്നു. ഫ്രണ്ട് ഓഫീസ് സംവിധാനം സേവനങ്ങൾ നൽകുന്നതിൽകൃത്യമായി നടന്നു വരുന്നു.

2) പഞ്ചായത്തിന്റെ നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ സ്രോതസ്സുകൾ കണ്ടെത്തി വരവുകൾ 100% പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3) സ.ഉ. (കൈ) നം. 77/2023/LSGD തീയതി 22.03.2023 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിൽ 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിച്ചിട്ടില്ല.
4) പദ്ധതികളുടെ ആസൂത്രണം, അവയുടെ സംഘാടനം, ലക്ഷ്യപ്രാപ്തി, ഉദ്ദേശ്യ ശുദ്ധി എന്നിവയിൽ ശ്രദ്ധ പുലർത്തേണ്ടതുണ്ട്. ഓരോ പദ്ധതികളും ആവിഷ്ക്കരിക്കുമ്പോൾ വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ കൃത്യമായി വിലയിരുത്തി, അവ പ്രായോഗിക തലത്തിൽ നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന ഗുണദോഷങ്ങൾ, ഫലപ്രാപ്തി എന്നിവ കൂടി കണക്കിലെടുത്ത് ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
5) തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്ന വ്യക്തഗത ആനുകൂല്യത്തിനുള്ള പദ്ധതികൾ കൂടുതൽ പേരിലേക്ക് എത്തിക്കാൻ നടപടി സ്വീകരിക്കേണ്ടതും അർഹതാ മാനദണ്ഡം കൃത്യമായും പാലിച്ചുകൊണ്ട് ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.
6) ശുചിത്വ മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ കൃത്യമായും ഏറ്റെടുത്ത് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
7) പെൻഷൻ ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങുന്നില്ല.
8) പഞ്ചായത്തിന്റെ ആസ്തികൾ കൃത്യമായും സംരക്ഷിക്കേണ്ടതും പദ്ധതികൾ തുടങ്ങി പാതി വഴിയിൽ ഉപേക്ഷിക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതുമാണ്.
9) പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സ.ഉ (കൈ) 84/22/തസ്വഭവ തീയതി 19.04.22 ഖണ്ഡിക 6.9 ൽ അനുശാസിക്കും പ്രകാരമുള്ള പദ്ധതികളും പ്രവർത്തനങ്ങളും ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## <u>1-9 തൊഴിലുറപ്പ് പദ്ധതി</u>

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 19,59,405 | 17,89,931 | 37,49,336 | 37,17,885 | 31,451 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 4,40,36,801 | 4,40,36,801 | 4,40,36,801 | 0 |
| **ആകെ** | **19,59,405** | **4,58,26,732** | **4,77,86,137** | **4,77,54,686** | **31,451** |

കുറിപ്പ് –
1) 1,51,323/- രൂപ മുൻ വർഷം മെറ്റീരിയൽ വർക്കിനത്തിൽ ഗുണഭോക്താക്കൾക്ക് നൽകാനുള്ള തുക അക്കൗണ്ടിൽ അവശേഷിച്ചിരുന്നു. പ്രസ്തുത തുക തൻവർഷം ചെലവഴിച്ചിട്ടുണ്ട്.
2) മുന്നിരിപ്പായി ഉൾപ്പെടുത്തിയിട്ടുള്ള തുക മുൻ വർഷത്തെ അഡ്മിനിട്രേറ്റീവ് എക്സ്പെൻഡിച്ചർ ഇനത്തിലെ തുക ക്യാഷ് ബുക്ക് പ്രകാരം മുൻവർഷം ചെലവിൽ ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ മുൻ വർഷം ക്രമീകരിക്കാതെ തൻ വർഷമാണ് ക്രമീകരിച്ചിട്ടുള്ളത്. ആയതിനാൽ ക്യാഷ് ബുക്കിലെ വിവരങ്ങളും വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങളും പൊരുത്തപ്പെടുന്നില്ല.

<u>പ്രവർത്തന അവലോകനം</u>

1) എം.ജി.എൻ.ആർ.ജി.എസ് ൽ ഉൾപ്പെടുത്തി 2023-24 ൽ നിർവഹിച്ചിട്ടുള്ള പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു (ഓഡിറ്റ് എൻക്വയറി നം. 25 തീയതി. 19/08/24 നു ലഭ്യമാക്കിയ മറുപടി, അനുബന്ധ രേഖകൾ എന്നിവയെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്).

| ഇനം | നടപ്പിലാക്കിയവയുടെ എണ്ണം |
|---|---|
| കോഴിക്കൂട് നിർമാണം | 7 |
| മിനി എം.സി.എഫ് നിർമാണം | 0 |
| ഫാം പോണ്ട് നിർമാണം | 0 |

| | |
|---|---|
| കമ്പോസ്റ്റ് പിറ്റ് നിർമാണം | 0 |
| ആട്ടിൻകൂട് നിർമാണം | 0 |
| സോക്പിറ്റ് നിർമാണം | 47 |
| കക്കൂസ് നിർമാണം | 0 |
| തൊഴുത്ത് നിർമാണം | 1 |
| അസോള ടാങ്ക് നിർമാണം | 0 |
| കിണർ നിർമാണം | 3 |
| കിണർ റീചാർജ് | 3 |
| തോട് പുനരുദ്ധാരണം | 0 |
| റോഡ് കോൺക്രീറ്റ് & തോട് പുനരുദ്ധാരണം (മെറ്റീരിയൽ വർക്ക്) | 0 |
| ഫലവൃക്ഷത്തൈ ഉത്പാദനവും പരിപാലനവും | 7 |
| ഭൂവികസന പ്രവൃത്തികൾ | 184 |
| ജല സംരക്ഷണ പ്രവൃത്തികൾ | 74 |
| ലൈഫ് ഹൗസ് | 189 |
| **ആകെ** | **582** |

2) സ്കിൽഡ്, അൺസ്കിൽഡ് മേഖലയിലെ ചെലവു തുകയും മെറ്റീരിയൽ വർക്ക് ചെലവു തുകയും തമ്മിലുള്ള റേഷ്യോ 60:40 വരെ ആകാം എന്നാണ് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളത്. 2023-24 ലെ ലേബർ മെറ്റീരിയൽ റേഷ്യോ അനാലിസിസ് റിപ്പോർട്ട് പ്രകാരം ലേബർ മെറ്റീരിയൽ റേഷ്യോ 96.8: 3.2 ആണ് (തുക 4,25,13000 : 14,04,000). പൊതു ജനങ്ങളുടെ ആവശ്യം പരിഗണിച്ചുകൊണ്ടുള്ള ആസ്തി നിർമാണത്തിന് എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതികളെ ഫലപ്രദമായി വിനിയോഗിക്കാൻ സാധിച്ചിട്ടില്ല. അതിയന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുന്ന പഞ്ചായത്തുകളിൽ ഏറ്റവും കുറഞ്ഞ ലേബർ മെറ്റീരിയൽ റേഷ്യോ 96.8: 3.2 കരുംകുളം പഞ്ചായത്തിന്റെതാണ്. റേഷ്യോ പരിശോധിച്ചാൽ മെറ്റീരിയൽ വർക്കിനുള്ള തുക ഫലപ്രദമായി വിനിയോഗിക്കാൻ സാധിച്ചിട്ടില്ല എന്ന് വ്യക്തമാണ്. റൂറൽ ഡവലപ്മെന്റ് ഡിപ്പാർട്ട്മെന്റ് പുറപ്പെടുവിച്ചിട്ടുള്ള മാസ്റ്റർ സർക്കുലറിൽ (834189/23/0/0 Secretary (RD)) സമയബന്ധിതമായി ലേബർ ബഡ്ജറ്റ് തയ്യാറാക്കുന്നതിനും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും മെറ്റീരിയൽ വർക്കുകൾ ഏറ്റെടുക്കേണ്ടതു സംബന്ധിച്ച മേഖലകളും, മാനദണ്ഡങ്ങളും വ്യക്തമാക്കിയിട്ടുണ്ട്. വ്യക്തമായ ആസൂത്രണമില്ലാത്തതിനാലാണ് യഥാസമയം അനുമതി ലഭ്യമാക്കി പദ്ധതികൾ നിർവഹിക്കാൻ സാധിക്കാത്തത്. സർക്കാർ അതാത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കനുസൃതമായി സമയബന്ധിതമായി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് ഭരണസമിതിയും നിർവഹണോദ്യോഗസ്ഥരും ജാഗ്രത പുലർത്തേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | ലഭ്യമാക്കിയില്ല | - | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1.6.2018 | 2013-14 | 01.07.2018 |

## 1-11-1 സേവന ഉപനികുതി ഈടാക്കാവുന്നതാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 26, 27 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭുമിയിലോ അതിന്റെ സമീപപ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രെയിനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. സ.ഉ.(കൈ) നം.77/2023/LSGD തീയതി. 22-03-2023 പ്രകാരം നിലവിൽ സേവന ഉപനികുതി ചുമത്തിയിട്ടില്ലാത്ത ഗ്രാമപഞ്ചായത്തുകൾക്ക് പുതുതായി സേവന ഉപനികുതി ചുമത്താവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് മേൽ ചട്ടങ്ങൾ പ്രകാരമുള്ള സേവന ഉപനികുതി ഡിമാന്റ് ചെയ്തിട്ടില്ല. ചട്ടപ്രകാരമുള്ള ഉപനികുതി ഈടാക്കുന്നതിലേക്കായി സ്റ്റാന്റിംഗ് കമ്മിറ്റികളോ, ഭരണസമിതിയോ ചർച്ച ചെയ്തതായോ, തീരുമാനങ്ങൾ സ്വീകരിച്ചതായോ കാണുന്നില്ല. സേവന ഉപനികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം.6/12.08.24) സ്ഥാപനം നൽകുന്ന സേവനങ്ങൾക്ക് സേവന ഉപനികുതി ഈടാക്കിയിട്ടില്ലായെന്നാണ് അറിയിച്ചിരിക്കുന്നത്. തനത് വരുമാനം കുറവുള്ള ഗ്രാമപഞ്ചായത്തുകൾക്ക്, നൽകുന്ന സേവനങ്ങൾക്ക് സേവന ഉപനികുതി ഈടാക്കുന്നതിനുള്ള തീരുമാനം കൈകൊള്ളാവുന്നതാണ്. മെച്ചപ്പെട്ട സേവനം ഉറപ്പാക്കുവാനും സാമ്പത്തിക ബാധ്യത കുറയ്ക്കുവാനും ഇതിലൂടെ കഴിയുന്നതാണ്.

## 1-11-2 വസ്തു നികുതി പരിഷ്കരണത്തിന് ശേഷം നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമായിട്ടില്ല

സ.ഉ(കൈ) നം. 77/2023/LSGD തീയതി 22.03.2023 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിനെ തുടർന്ന് ഭരണസമിതിയുടെ 11/10/2023 തീയതിയിലെ 27(1) നമ്പർ തീരുമാന പ്രകാരം പഞ്ചായത്തിന് ബാധകമായ വസ്തുനികുതി നിരക്കുകൾ പരിഷ്ക്കരിച്ച് അന്തിമ വിജ്ഞാപനം 01.04.2023 പ്രാബല്യത്തിൽ പുറപ്പെടുവിച്ചിരുന്നു. എന്നാൽ 2023-24 സാമ്പത്തിക വർഷം നികുതി നിർണ്ണയിച്ച ചുവടെ ചേർക്കുന്ന കെട്ടിടങ്ങൾക്ക് (വാർഡ് 1 മാത്രം പരിശോധിച്ചതിലെ വിവരങ്ങൾ) പരിഷ്ക്കരിച്ച നികുതി ഈടാക്കിയിട്ടില്ലായെന്ന് കാണുന്നു.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം. | | ഉപയോഗ ക്രമം | വിസ്തീർണ്ണം ($M^2$) | Signed Date | ഈടാക്കിയ അടിസ്ഥാന വസ്തു നികുതി | ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി |
|---|---|---|---|---|---|---|---|
| 1 | 1/318C | ഉഷ,വലിയേട്ടൻ പനിവിളാകം, പുല്ലുവിള, പുല്ലുവിള | പാർപ്പിടാവശ്യം | 166.8 | 28.04.23 | 5 | 6 |
| 2 | 1/246A | വിജയൻ സ്വപ്ന, ട്രീം വില്ല, അനന്തൻവിളാകം, കൊച്ചുപള്ളി, പുല്ലുവിള | പാർപ്പിടാവശ്യം | 169.69 | 11.03.24 | 5 | 6 |
| 3 | 1/215A | മേരി ഷൈൻ, കല്ലുവിള വീട്, | പാർപ്പിടാവശ്യം | 103.14 | 21.07.23 | 5 | 6 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | കൊച്ചുപള്ളി,<br>പുല്ലുവിള, 695526 | | | | | |

ക്രമ നം. 2 കെട്ടിടത്തിന് പഞ്ചായത്തിൽ വസ്തു നികുതി പുനർ നിർണ്ണയിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചതിന് ശേഷം നികുതി നിർണ്ണയിച്ചിട്ടുള്ളതാണ്. പ്രസ്തുത കെട്ടിടത്തിനും പഴയ നികുതി നിരക്കിന്റെ അടിസ്ഥാനത്തിലാണ് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത്.

2023-24 വർഷം നികുതി നിർണ്ണയിച്ച മേൽ കെട്ടിടങ്ങൾക്ക് പുതുക്കിയ വസ്തു നികുതി നിരക്ക് ബാധകമാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (23/17.08.24) ആയത് സഞ്ചയ സോഫ്റ്റ്വെയറിന്റെ പിഴവാണെന്നും ഐ.കെ.എം -ന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിച്ച് നികുതി കുറവു വന്ന കെട്ടിടങ്ങളിൽ നിന്നും കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വസ്തു നികുതി പരിഷ്ക്കരണത്തിന് ശേഷം പഴയ നിരക്കിൽ നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള പഞ്ചായത്തിലെ മുഴുവൻകെട്ടിടങ്ങളുടെയും നികുതി പരിഷ്ക്കരിച്ച് ഡിമാന്റ് പുനർനിർണ്ണയിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-11-3 മൊബൈൽ ടവറുകളുടെ വസ്തുനികുതി അടവാക്കാൻ അവശേഷിക്കുന്നു

1) സഞ്ചയ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ ചേർക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി പൂർണ്ണമായും അടവാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമയുടെ പേര് | കുടിശ്ശിക കാലയളവ് | കുടിശ്ശിക തുക (സഞ്ചയ പ്രകാരം) |
|---|---|---|---|---|
| 1 | 3/4/UA | Indus Tower LTD | 2023-2024 IInd Half | 13721 |
| 2 | 1/53/UA | റിലയൻസ് ജിയോ ഇൻഫോകോം ലിമിറ്റഡ്, 32/2552 സി പി കെ ടവർ ഒന്നാം നില, മാമംഗലം, നിയർ യാത്രി നിവാസ്, പാലാരിവട്ടം, 682025 | 2021-2022 മുതൽ 2023-2024 വരെ | 16141 |
| 3 | 1/448/ | HavaBeevi, Irayimmanthura | 2023-2024 Ist And IInd Half | 7393 |

മേൽ മൊബൈൽ ടവറുകൾക്ക് വസ്തു നികുതി ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (15/13.08.24) റവന്യൂ റിക്കവറി അടക്കമുള്ള നടപടികൾ സ്വീകരിച്ച് നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. കുടിശ്ശിക വസ്തു നികുതി പൂർണ്ണമായും ഈടാക്കി വിവരം രേഖകൾ സഹിതം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2) മൊബൈൽ ടവർ - ഫാറം-2 പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

Indus Tower LTD, (കെട്ടിട നം. 3/4/UA) വസ്തു തികുതി നിർണ്ണയവുമായി ബന്ധപ്പെട്ട അപേക്ഷയും രേഖകളും പരിശോധിച്ചതിൽ മൊബൈൽ ടവർ ഉടമ സമർപ്പിച്ച ഫാറം-2 കണ്ടെത്താനായില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (15/13.08.24) നമ്പറിംഗിനായി സമർപ്പിച്ച അപേക്ഷയിൽ ഫാറം-2 ഉൾപ്പെടെയുള്ള മതിയായ രേഖകൾ ഇല്ലാത്തതിനാൽ പരിഹരിക്കാൻ അപേക്ഷകന് രേഖാമൂലം അറിയിപ്പ് നൽകിയിട്ടുണ്ടെന്നാണ്

അറിയിച്ചിരിക്കുന്നത്. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

**1-11-4 അനധികൃത കെട്ടിടങ്ങൾ - തുടർനടപടികൾ സ്വീകരിക്കുന്നില്ല.**

സഞ്ചയ സോഫ്റ്റ്വെയർ മുഖേന ലഭ്യമായ വിവരങ്ങൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ ചുവടെ ചേർക്കുന്ന അനധികൃത കെട്ടിടങ്ങൾ - (തീരദേശ പരിപാലന നിയമം ലംഘിച്ചതിനാൽ) വാണിജ്യാവശ്യത്തിനുള്ളവ" എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ച് ഈടാക്കി വരുന്നു.

| ക്രമ നം. | വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | തറ വിസ്തീർണ്ണം ($M^2$) | ഉപയോഗം തുടങ്ങിയ തീയതി | ഈടാക്കുന്ന വാർഷിക വസ്തുനികുതി (രൂപ) |
|---|---|---|---|---|---|
| 1 | 1/162/UA | അലക്സാണ്ടർ വൈ. ട്രീസ, കുട്ടിമീരാന്റെ നടവ് പുരയിടം, പുല്ലുവിള, പുല്ലുവിള | 61.73 | **05.10.23** | 8171/- |
| 2 | 1/164/UA | സ്റ്റാലിൻ ജി., ആകാശ് ഹൗസ്, കൊച്ചുപള്ളി, പുല്ലുവിള | 91.64 | **18.1.2024** | 2126/- |
| 3 | 9/289/UA | പൗലോസ് ശാന്ത, ഉറക്കിണറ്റടി പുരയിടം, കൊച്ചുതുറ, പുതിയതുറ | 38.23 | **21/10/2023** | 3856/- |
| 4 | 10/294/UA | ദാസൻ രാജമ്മ, തോട്ടം പുരയിടം, കരുംകുളം, പുതിയതുറ | 12.86 | **23/11/2023** | 1705/- |
| 5 | 13/211/UA | പ്രവീണ, ഉരിയരിക്കുന്ന്, പുതിയതുറ, പുല്ലുവിള | 10 | **04/04/2024** | 1191/- |
| 6 | 14/321/UA | ക്ലമന്റ് സിവിൽസി, വേടയാന്റെ നടവുപുരയിടം, പള്ളം, പുല്ലുവിള, | 118.31 | **28/11/2023** | 25829/- |
| 7 | 15/307/UA | ഫ്രാങ്കിളിൻ ഹെയ്സിൽ, സെന്റ് മേരീസ് ഹൗസ്, ഇരയിമ്മൻതുറ, കരുംകുളം, പുല്ലുവിള | 19 | **11/08/2023** | 1886/- |
| 8 | 15/308/UA | ഫ്രാങ്ക്ളിൻ | 20.4 | **11/08/2023** | 2025/- |

| | | | | | |
|---|---|---|---|---|---|
| | | ഹെയ്സിൽ, സെന്റ് മേരീസ് ഹൗസ്, ഇരയിമ്മൻതുറ, കരുംകുളം, പുല്ലുവിള | | | |
| 9 | 15/309/UA | ഫ്രാങ്ക്ളിൻ ഹെയ്സിൽ, സെന്റ് മേരീസ് ഹൗസ്, ഇരയിമ്മൻതുറ, കരുംകുളം, പുല്ലുവിള, | 62.72 | **11/08/2023** | 5915/- |

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 93(3) പ്രകാരം ക്രമവത്കരണത്തിനുള്ള അപേക്ഷകളിൽ തീർപ്പാക്കൽ നടപടിക്രമം പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നതുപോലെ തന്നെയായിരിക്കും. ആയതിനാൽ ക്രമവത്കരണത്തിനുള്ള അപേക്ഷകൾ അപേക്ഷ ലഭിച്ച് നിശ്ചിത ദിവസത്തിനുള്ളിൽ അംഗീകരിക്കുകയോ, നിരസിക്കുകയോ ചെയ്യേണ്ടതാണ്. ക്രമവത്കരണം നിരസിക്കുന്ന അപേക്ഷകളിൽ ചട്ടം 96 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.
മേൽ പട്ടികയിൽ ഉൾപ്പെടുത്തിയ കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനോ, ചട്ടപ്രകാരമുള്ള തുടർനടപടികൾ നടപ്പിലാക്കുന്നതിനോ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (14/13.08.24) കെട്ടിടങ്ങൾ തീരദേശ പരിപാലന നിയമം ലംഘിച്ച് പണിതതായതിനാൽ ക്രമവത്കരിക്കുന്നതിന് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അനുമതി ആവശ്യമാണെന്നും ക്രമവത്കരണത്തിന് സാധിക്കാത്തതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങൾക്ക് കച്ചവടം, വ്യാപാരം, വ്യവസായം എന്നിവയ്ക്കായോ മറ്റേതെങ്കിലും ആവശ്യങ്ങൾക്കായോ ലൈസൻസ് നൽകുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതും ചട്ടപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-11 വസ്തുനികുതി പരിഷ്കരണം - നടപടികൾ പൂർത്തിയായിട്ടില്ല

സ.ഉ(കൈ) നം. 77/2023/LSGD തീയതി 22.03.2023 ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വസ്തുനികുതി പുനർനിർണ്ണയിച്ച് 2023-24 വർഷത്തെ ഡിമാന്റും ഓരോ വർഷവും 5% വീതം നികുതി വർദ്ധിക്കും എന്ന വ്യവസ്ഥയും ഉൾപ്പെടുത്തി ഡിമാന്റ് നോട്ടീസ് 9 എ ഫോറത്തിൽ കെട്ടിട ഉടമകൾക്ക് നൽകിയതായിട്ടാണ് അറിയിച്ചിരിക്കുന്നത്. കെട്ടിടങ്ങളുടെ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 -നകം പൂർത്തീകരിക്കേണ്ടതാണെന്നും, വിവര ശേഖരണത്തിനും ഡേറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ.ടി.ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ.ടി.ഐ സർവെയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതാണെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ യോഗ്യതയുള്ളവരെ ഇന്റർവ്യൂ മുഖേന കണ്ടെത്തിയതിൽ രണ്ടുപേർ മാത്രമാണ് ജോലി ഏറ്റെടുത്തതെന്നും അവർ 3ാം വാർഡിലെ 508 കെട്ടിടങ്ങൾ റീഅസസ്സ് ചെയ്തുവെന്നും മറ്റു വാർഡുകളിലെ ജോലി ഏറ്റെടുക്കാൻ അവർ തയ്യാറാകാത്തതിനാൽ ആ വാർഡുകളിൽ റീഅസസ്സ്മെന്റ് നടന്നിട്ടില്ലായെന്നും അറിയിച്ചിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം.7) പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും വിവര ശേഖരണം അടിയന്തിരമായി പൂർത്തീകരിക്കേണ്ടതും, ഡിമാന്റ് എൻട്രി വരുത്തുന്നതിനുള്ള സൗകര്യം സഞ്ചയയിൽ ലഭ്യമാകുന്ന മുറയ്ക്ക് ഡിമാന്റ് പരിഷ്കരിച്ച് നികുതി വർദ്ധനവ് ഉറപ്പാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## 1-12 FTE & OS ലൈസൻസ്-അപാകങ്ങൾ

1) ട്രേഡേഴ്സ് ലിസ്റ്റിലുൾപ്പെട്ട മുഴുവൻ സ്ഥാപനങ്ങൾക്കും FTE & OS ലൈസൻസ് അനുവദിക്കുന്നില്ല.

ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ 137 സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഗ്രാമപഞ്ചായത്തിൽ വാണിജ്യാടിസ്ഥാനത്തിൽ വസ്തു നികുതി നിർണയിച്ചിട്ടുള്ള 735 ലധികം കെട്ടിടങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം 2023-24 വർഷം 71 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (04/09.08.24) അനധികൃത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദനീയമല്ലാത്തതിനാൽ ലൈസൻസ് നൽകിയിട്ടില്ലായെന്നും ട്രേഡേഴ്സ് ലിസ്റ്റിലുൾപ്പെട്ട മുഴുവൻ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

2) മെഷീൻ ഫീ ഈടാക്കുന്നില്ല.

2023-24 വർഷത്തിൽ ലൈസൻസ് എടുത്ത താഴെ പറയുന്ന വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് യന്ത്രസാമഗ്രികൾക്കുള്ള വാർഷിക ഫീ കുതിരശക്തിയുടെ അടിസ്ഥാനത്തിൽ ഇടാക്കിയതായി കാണുന്നില്ല.

| അപേക്ഷകന്റെ പേര് | സംരംഭം | വാർഡ്/ ഡോർ നം. |
|---|---|---|
| ക്രിസ്തുദാസ് .വി | ദാസ് ഫ്ലോർമിൽ | Vi/60C |
| സത്യൻ.കെ | എസ്.എൽ.ഫ്ലോർമിൽ | III/122 B |
| കാർത്തികേയൻ.സി | ഫ്ലോർമിൽ | VII/82 |

അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (04/09.08.24) അടിയന്തിരമായി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

3) ലൈവ്സ്റ്റോക്ക് ഫാമുകൾ-ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത് രാജ് നിയമം 1994 - വകുപ്പ് 232, 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ - ചട്ടം 3 പ്രകാരം ലൈവ്സ്റ്റോക്ക് ഫാമുകൾ സ്ഥാപിക്കുന്നതിനും നടത്തിക്കൊണ്ടുപോകുന്നതിനും ലൈസൻസ് എടുക്കേണ്ടതുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിന്റെ പരിധിയിൽ താഴെപ്പറയുന്ന ലൈവ്സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്.

| ക്രമ നം. | ഇനം | എണ്ണം |
|---|---|---|
| 1 | ഡയറിഫാം | 1 |
| 2 | ഇറച്ചിക്കോഴി | 1 |
| 3 | മുട്ടക്കോഴി | 1 |

മേൽ ഫാമുകൾക്ക് 2023-24 വർഷം ലൈവ് സ്റ്റോക്ക് ലൈസൻസ് നൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (04/09.08.24) സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കാത്തതിനാൽ ലൈസൻസ് നൽകിയിട്ടില്ലായെന്നാണ് അറിയിച്ചിരിക്കുന്നത്. സ്റ്റാറ്റസ് റിപ്പോർട്ടിലെ വിവരങ്ങൾ കാലികമാക്കി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

4) വളർത്തു നായകൾക്ക് ലൈസൻസ് നൽകുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254, കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 എന്നിവ പ്രകാരം പഞ്ചായത്തിൽ നിന്നും

ലഭിക്കുന്ന ലൈസൻസ് കൂടാതെ നായകളെ വളർത്താൻ പാടില്ല. സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 551 വളർത്തു നായകളിൽ 50 എണ്ണത്തിന് ലൈസൻസ് എടുത്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. വളർത്തുനായകളുടെ ലൈസൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 551 വളർത്തു നായകൾക്കും ലൈസൻസ് നൽകുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (04/09.08.24) വെറ്റിനറി സർജനിൽ നിന്നും വിവരങ്ങൾ ലഭ്യമാക്കി പ്രതിരോധകുത്തിവയ്പ് നൽകുമ്പോൾ ബോധവത്കരണം നടത്തി ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി - അപാകങ്ങൾ

1) തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.

തൊഴിൽ നികുതി രജിസ്റ്ററും പത്രികകളും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | **അർദ്ധ വർഷം** |
|---|---|---|
| 1 | Krishi Bhavan | II |
| 2 | St.Marys LPGS Pulluvila | II |
| 3 | St.Andrews LPS , Karumkulam | II |
| 4 | Post Office Pulluvila | II |
| 5 | ESAF Small Finance Bank | II |

ക്രമ നമ്പർ (5) പ്രകാരമുള്ള സ്ഥാപനത്തിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2) കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ഈടാക്കി അറിയിക്കേണ്ടതാണ്.

2) റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി. എസ്.) എ9 – 764/2019 സർക്കുലർ പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതി ഒടുക്കേണ്ടതാണെന്ന് വ്യക്തത വരുത്തിയിട്ടുണ്ട്. പഞ്ചായത്തിലെ എല്ലാ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. റേഷൻ വ്യാപാരികളിൽ നിന്നും നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

3) പ്രൊഫഷണൽ ജോലികളിലേർപ്പെട്ടിരിക്കുന്നവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204 എ (I) പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്തിനുള്ളിലോ, 204 എ (II) പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനുവെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ, 204 ബി പ്രകാരം ആകെക്കൂടി അറുപതു ദിവസത്തിൽ കുറയാതെ ആ പഞ്ചായത്തു പ്രദേശത്ത് താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയോ ചെയ്യുന്ന ഏതൊരാളിന്റെയും മേൽ തൊഴിൽനികുതി ചുമത്തേണ്ടതാണ്. മേൽ വകുപ്പുകൾ പ്രകാരം ഗ്രാമപ്പഞ്ചായത്തു പരിധിയിലെ ഡോക്ടർമാർ, അഭിഭാഷകർ, എഞ്ചിനീയർമാർ മറ്റ് പ്രൊഫഷണൽ ജോലികളിലേർപ്പെട്ടിരിക്കുന്നവർ എന്നിവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശം ലഭ്യമാക്കാനായി നല്കിയ

ഓഡിറ്റ് അന്വേഷണത്തിന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ലായെന്നും ഈടാക്കുന്നതിനു വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

4) കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം നിശ്ചിത ദിവസം പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ കരാറുകാർ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല. തൊഴിൽ നികുതി ഈടാക്കുന്നതിനു വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർനടപടി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. പ്രവൃത്തി ഏറ്റെടുത്തിട്ടുള്ള ഗ്രാമപഞ്ചായത്ത് പരിധിയിലെ എല്ലാ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

5) സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് പഞ്ചായത്തിലോ അതിനു വെളിയിലോ തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുന്നതോ അഥവാ പഞ്ചായത്ത് പ്രദേശത്തിൽ താമസിക്കുകയും മുതൽമുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതുമായ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. ഗ്രാമ പഞ്ചായത്തിൽ സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷണലുകൾ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, സ്വകാര്യ സ്കൂൾ/ കോളേജ് ജീവനക്കാർ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ മുഴുവൻ വ്യക്തികൾ / സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും, തൊഴിൽ നികുതി ഇനത്തിൽ പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിക്കുന്നില്ലായെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-14 ഹരിത കർമസേന & മാലിന്യ സംസ്കരണം - പ്രവർത്തനാവലോകനം

സമഗ്രവും സുസ്ഥിരവുമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രോജക്ടുകൾ 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർവഹിക്കണമെന്ന് സ.ഉ.(സാ.ധാ) നം 989/2023/ത.സ്വ.ഭ.വ തിയതി 06/05/2023 നമ്പർ ഉത്തരവു പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മാലിന്യ മുക്തം നവകേരളം എന്ന ലക്ഷ്യത്തിലേക്കെത്താൻ സമഗ്ര പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ നിർദ്ദേശങ്ങൾ സ.ഉ.(സാ.ധാ) നം. 1401/2023/ത.സ്വ.ഭ.വ തിയതി 10/07/2023 നമ്പർ ഉത്തവു പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതു പ്രകാരം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർവഹിക്കേണ്ട പ്രോജക്ടുകളുടെ വിവരങ്ങളും പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശവും ചുവടെ ചേർക്കുന്നു.

**1) മാലിന്യം ഉറവിടത്തിൽ തരംതിരിക്കൽ**

മാലിന്യസംസ്കരണത്തിന്റെ ആവശ്യകതയെക്കുറിച്ച് ജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിനായി ബഹുജന വിദ്യാഭ്യാസ പരിപാടി സംഘടിപ്പിക്കുക, മാലിന്യപരിപാലന ശില്പശാല നടത്തുക, ക്യാമ്പയിനുകൾ സംഘടിപ്പിക്കുക, ഹരിതസഭ മുതലായ പ്രവർത്തനങ്ങൾ നടത്തുക, ഗാർഹിക തലത്തിൽ മാലിന്യം തരം തിരിച്ച് സൂക്ഷിക്കുന്നതിനുള്ള ഉപാധികൾ (ബാസ്ക്കറ്റ്) വിതരണം ചെയ്യുക എന്നിവയാണ് മാലിന്യം ഉറവിടത്തിൽ തരം തിരിക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് വിവിധ ക്യാമ്പയിനുകൾ സംഘടിപ്പിച്ചിട്ടുണ്ട്. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പ്രത്യേക ക്യാമ്പയിനുകൾ

സംഘടിപ്പിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷം സോഴ്സ് ലെവൽ സെഗ്രിഗേഷൻ എന്ന പ്രോജക്ട് പ്രകാരം വീടുകളിൽ മാലിന്യം തരം തിരിച്ച് സൂക്ഷിക്കുന്നതിനായി സെഗ്രിഗേഷൻ ബിന്നുകൾ 2, 3 എന്നീ വാർഡുകളിൽ അൻപത് വീടുകൾക്ക് വീതം വിതരണം ചെയ്തിട്ടുണ്ട്. ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ ചില വാർഡുകളിൽ മാത്രം സെഗ്രിഗേറ്റ് ചെയ്ത് മിനി എം.സി.എഫ് ൽ സൂക്ഷിച്ചിരിക്കുന്നു. കൂടുതൽ വാർഡുകളിലും സെഗ്രിഗേറ്റ് ചെയ്യാതെയാണ് മിനി എം.സി.എഫ് കളിൽ സൂക്ഷിച്ചിട്ടുള്ളത്. ഉറവിടത്തിൽ തന്നെ സെഗ്രിഗേറ്റ് ചെയ്യുന്നത് പിന്നീടുള്ള പ്രവർത്തനങ്ങൾ സുഗമമാകുന്നതിന് സഹായകമായിരിക്കും.

**2) അജൈവമാലിന്യം – 100% വാതിൽപ്പടി ശേഖരണം**

ഹരിതകർമസേന അംഗങ്ങൾ വാതിൽപ്പടി ശേഖരണം നടത്തുന്നുണ്ട്. 100% വീടുകളിലും ഹരിതകർമസേന അംഗങ്ങൾ എത്തുന്നുണ്ടെന്ന് അറിയിച്ചെങ്കിലും പൂർണമായ സഹകരണം ലഭ്യമാകുന്നില്ല എന്നാണ് യൂസർഫീ കളക്ഷൻ സ്റ്റേറ്റ്മെന്റിൽ നിന്നും വ്യക്തമാകുന്നത്. 2024 ജൂലൈ മാസത്തെ കളക്ഷൻ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | ആകെ എണ്ണം | യൂസർഫീ ലഭ്യമായവയുടെ എണ്ണം | ശതമാനം |
|---|---|---|---|
| സന്ദർശിച്ച വീടുകൾ | 6504 | 4156 | 63% |
| പ്രവർത്തനമുള്ള കച്ചവട സ്ഥാപനങ്ങൾ | 594 | 422 | 71% |
| **ആകെ** | **7098** | **4578** | **64%** |

അജൈവ മാലിന്യം നൽകുന്നതിൽ സഹകരിക്കുന്നത് 64% വീടുകൾ / സ്ഥാപനങ്ങൾ മാത്രമാണ്. എല്ലാ വീടുകളും സ്ഥാപനങ്ങളും ഇത്തരം പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

സ.ഉ.(സാധാ) നം. 789/2023 LSGD തിയതി:31/03/2023 പ്രകാരം ഹരിതകർമസേനയ്ക്ക് യൂസർഫീ നൽകാത്തവരിൽ നിന്നും കുടിശ്ശിക വരുത്തിയവരിൽ നിന്നും പ്രസ്തുത തുക വസ്തു നികുതി കുടിശ്ശികയായി ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ എല്ലാ സേവനങ്ങൾക്കും യൂസർഫീ അടച്ച കാർഡ് നിർബന്ധമാക്കിയിട്ടുണ്ട്. നിലവിൽ ഹരിതകർമസേന അംഗങ്ങളുടെ ശരാശരി വേതനം 4000/- രൂപ മുതൽ 10000/- രൂപ വരെയാണ്.

**3) MCF/ Mini MCF നിർമാണവും വിപുലീകരണവും**

പഞ്ചായത്തിന്റെ 18 വാർഡുകളിലായി 18 മിനി MCF കളും ഒരു MCF ഉം നിലവിലുണ്ട്. നിലവിലുള്ള MCF ന് സർക്കാർ ഉത്തരവു പ്രകാരമുള്ള അനുബന്ധ സൗകര്യങ്ങൾ പൂർണമായും ക്രമീകരിക്കാൻ സാധിച്ചിട്ടില്ല. വൈദ്യുതി, അടച്ചുറപ്പുള്ള കെട്ടിടം, വാഹനത്തിന് എത്തിച്ചേരാനുള്ള റോഡ് മുതലായ സൗകര്യങ്ങൾ ലഭ്യമാണ്. എന്നാൽ MCF ന് ആവശ്യമായ സ്ഥലം, സോർട്ടിംഗ് ടേബിൾ സംവിധാനം എന്നിവ ലഭ്യമല്ല. ഹരിത കർമസേന അംഗങ്ങൾ ശേഖരിക്കുന്ന വസ്തുക്കൾ സോഴ്സ് ലെവൽ സെഗ്രിഗേഷൻ ചെയ്ത് MCFൽ സൂക്ഷിച്ചിട്ടുണ്ട്. എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതികളിലുൾപ്പെടുത്തി മുൻവർഷങ്ങളിൽ നിർമ്മിച്ചവയാണ് മിനി എം.സി.എഫു കൾ. യൂസർഫ്രണ്ട് ലി ആയിട്ടല്ല ഇവയുടെ നിർമാണം നടത്തിയിട്ടുള്ളത്. ആവശ്യത്തിലധികം ഉയരവും ഇടുങ്ങിയ വാതിലും ആയതിനാൽ വസ്തുക്കൾ മിനി എം.സി.എഫ് ൽ വയ്കക്കുന്നതിനും തിരികെ എടുക്കുന്നതിനും കൂടുതൽ പ്രയാസം നേരിടുന്നു. ഇത്തരം നിർമാണ പ്രവർത്തനം നടത്തുമ്പോൾ ആയതിന്റെ ആവശ്യകത മനസ്സിലാക്കി അനുയോജ്യമായ രീതിയിൽ ചെയ്യാൻ കഴിയാത്തത് നിർമാണം നടത്തിയ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ വീഴ്ചയാണ്. കടലോര മേഖലയായതിനാൽ ഇവ കൂടുതലും തുരുമ്പെടുത്ത് നശിച്ച നിലയിലാണ്. നിലവിൽ 8 വാർഡുകളിൽ മാത്രമാണ് മിനി എം.സി.എഫ് നശിക്കാതെ അവശേഷിച്ചിട്ടുള്ളത് എന്നാണ് ഹരിതകർമസേന അംഗങ്ങൾ നൽകിയ വിവരം. കടലോര മേഖലയിൽ ഇത്തരം നിർമാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ പ്രാദേശികത കൂടി

പരിഗണിച്ച് ആയതിനിണങ്ങുന്ന രീതിയിൽ നിർമ്മിക്കുവാൻ നിർവഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

**4) മാലിന്യം നീക്കം ചെയ്യുന്നതിനുള്ള വാഹന സൗകര്യം ലഭ്യമാക്കൽ**

മാലിന്യം നീക്കം ചെയ്യുന്നതിനായി ഇ-ഓട്ടോ സംവിധാനം സജ്ജമാക്കിയിട്ടുണ്ട്. ഹരിത കർമസേനയിലെ 2 അംഗങ്ങൾ ഡ്രൈവിംഗ് പരിശീലനം നടത്തുന്നുണ്ട്. ശുചിത്വ മിഷൻ കലണ്ടർ പ്രകാരമുള്ള മാലിന്യ ശേഖരണം കൃത്യമായി നടത്താൻ സാധിക്കുന്നില്ല. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലെ ആപത്കരമായ മാലിന്യങ്ങൾ, ബയോമെഡിക്കൽ മാലിന്യങ്ങൾ എന്നിവ ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനും IMAGE എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അജൈവമാലിന്യം ക്ലീൻകേരള കമ്പനിക്കാണ് നൽകുന്നത്. ക്ലീൻ കേരള കൃത്യമായ ഇടവേളകളിൽ ഷിഫ്റ്റിംഗ് ചെയ്യാത്തതിനാൽ ഇവ എം.സി.എഫ് ലും മിനി എം.സി.എഫ് ലും കെട്ടിക്കിടന്ന് സാമൂഹ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുവെന്നാണ് വി.ഇ.ഒ ഓഡിറ്റ് എൻക്വയറിക്ക് (നം. 8) ലഭ്യമാക്കിയ മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ളത്.

**5) ജൈവമാലിന്യ സംസ്കരണം**

ജൈവമാലിന്യ സംസ്കരണത്തിനായി യാതൊരു പദ്ധതിയും നടപ്പിലാക്കിയിട്ടില്ല. എം.ജി.എൻ.ആർ.ഇ.ജി.എസ് പദ്ധതിയുലുൾപ്പെടുത്തി സോക്ക് പിറ്റ് 47 എണ്ണം നിർമ്മിച്ചിട്ടുണ്ട്.

**6) മാലിന്യ കൂനകൾ ഇല്ലാത്ത വൃത്തിയുള്ള പൊതു ഇടങ്ങൾ**

ഇത്തരം പ്രവർത്തനങ്ങൾ നിർവഹിച്ചിട്ടില്ല.

**7) ജലാശയങ്ങളിലെ മാലിന്യം നീക്കം ചെയ്ത് നീരൊഴുക്ക് സുഗമമാക്കൽ**

യാതൊരു പ്രവർത്തനവും നിർവഹിച്ചിട്ടില്ല.

**8) മാലിന്യത്തിന്റെ അളവു കുറയ്ക്കൽ**

മാലിന്യത്തിന്റെ അളവു കുറയ്ക്കലുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ ഒന്നും നടപ്പിലാക്കിയിട്ടില്ല.

**9) മറ്റു വിവരങ്ങൾ**

എല്ലാ വാർഡുകളിലും ഹരിത കർമസേനയുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ആയത് കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ അവലംബിക്കേണ്ടതാണ്. മിനി എം.സി.എഫ് ഇല്ലാത്ത വാർഡുകളിൽ അവ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. എം.ജി.എൻ. ആർ.ഇ.ജി.എസ് ന്റെ പ്രവർത്തനങ്ങളൊന്നും തന്നെ മാലിന്യ സംസ്കരണ മേഖലയിൽ ഫലപ്രദമായി വിനിയോഗിച്ചിട്ടില്ല. കേന്ദ്ര സർക്കാരിന്റെ ഫണ്ടായ എം.ജി. എൻ.ആർ.ഇ.ജി.എസ് പദ്ധതിയിലുൾപ്പെടുത്തി സോക്ക് പിറ്റ് നിർമ്മാണമല്ലാതെ മറ്റൊരു പ്രവർത്തനവും ചെയ്യാൻ സാധിക്കാത്തത് വീഴ്ചയാണെന്നത് ശ്രദ്ധയിൽപ്പെടുത്തുന്നു. തുടർ വർഷങ്ങളിലെങ്കിലും ലഭ്യമാകുന്ന ഫണ്ടുകൾ ഏതു മേഖലയ്ക്കാണെന്നു കണ്ടെത്തി യഥാസമയം പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിന് ഭരണസമിതി ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-15 മരുന്ന് ലഭ്യമായില്ല- 99,983/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ടിന്റെ പേര് – ഗവ. ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

പ്രോജക്ടിന്റെ നമ്പർ - SOO93/24

അടങ്കൽ തുക - 150000/-

ചെലവ് തുക - 150000/- (Bill No. 1/24 Dtd.17.11.23)

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, ഹോമിയോ

2023-24 സാമ്പത്തിക വർഷം 'ഗവ. ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ (SOO93/24) പദ്ധതി പ്രകാരം 1,50,000/- രൂപ മരുന്ന് ലഭ്യമാക്കുന്നതിനായി ഹോംകോയ്ക്ക് നല്കിയിട്ടുണ്ട്.

എന്നാൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ 50,017/- രൂപയ്ക്ക് മാത്രമാണ് മരുന്ന് ലഭ്യമായത്. ശേഷിച്ച തുകയ്ക്ക് (99,983/-) മരുന്ന് ലഭ്യമായിട്ടില്ല. ആയതിനാൽ 99,983/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭ്യമാകുന്ന മുറക്ക് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-16 ടേക്ക് എ ബ്രേക്ക് - പ്രവർത്തനക്ഷമമല്ല

1) 1-ാം വാർഡിൽ 2021-22 വർഷത്തിൽ പഞ്ചായത്ത് നിർമ്മിച്ച ടേക്ക് എ ബ്രേക്ക് കെട്ടിടം സ്ഥിതി ചെയ്യുന്നത് സെന്റ് ജേക്കബ് ചർച്ച്, പുല്ലുവിള ഇടവകയുടെ കൈവശത്തിലുള്ള ഭൂമിയിലാണെന്നുള്ളതിനാൽ നാളിതുവരെ കെട്ടിടം തുറന്നു പ്രവർത്തിച്ചിട്ടില്ല. സർക്കാർ ഫണ്ട് വിനിയോഗിച്ചുള്ള നിർമ്മാണമാകയാൽ അടിയന്തിരമായി തുറന്ന് പ്രവർത്തിക്കേണ്ടതാണെന്നും കെട്ടിടത്തിന്റെ ഉടമസ്ഥത, സ്ഥലത്തിന്റെ കൈവശാവകാശം നിക്ഷിപ്തമായ ഇടവകയിൽ നിലനിർത്തികൊണ്ട് കെട്ടിടം സർക്കാർ നിർദ്ദേശ പ്രകാരം ഉപയോഗ യോഗ്യമാക്കുന്നതിനും 25 വർഷം അല്ലെങ്കിൽ കെട്ടിടം ജീർണ്ണാവസ്ഥയിലാകുന്നത് ഇതിൽ ഏതാണോ ആദ്യം വരുന്നത് അതുവരെ ഉപയോഗിക്കുന്നതിനും തുടർന്ന് കെട്ടിടം പൊളിച്ചുമാറ്റുന്നതിനും പഞ്ചായത്തിന് അനുമതി തരുന്നതിന് ഇടവക അധികൃതരോട് അഭ്യർത്ഥിക്കുന്നതിന് 25.10.23 ൽ നടന്ന ഭരണസമിതിയോഗം തീരുമാനം 25(1) പ്രകാരം സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

2) 17-ാം വാർഡിൽ നിലവിൽ ഒരു ടോയ്ലറ്റ് കോംപ്ലക്സ് സ്ഥിതി ചെയ്യുന്നത് ശുചിത്വമിഷൻ ടീം സന്ദർശിക്കുകയും ടോയ്ലറ്റ് കോംപ്ലക്സിന് ടേക്ക് എ ബ്രേക്ക് ഫണ്ട് ഉപയോഗിച്ച് റിപ്പയർ ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടെന്നും എന്നാൽ ടി കെട്ടിടത്തിന്റെ ബേസ്മെന്റ് വളരെ താഴ്ന്ന് സ്ഥിതി ചെയ്യുന്നതിനാൽ മഴക്കാലത്ത് വെള്ളം കയറുന്നതിന് സാധ്യതയുണ്ടെന്നും കെട്ടിടത്തിന്റെ ഉയരം വളരെ കുറവാണെന്നും അസി. എഞ്ചിനീയർ അറിയിച്ചു. ടി കെട്ടിടം നിലവിൽ മെയിന്റനൻസ് ചെയ്യുന്നത് ഫലപ്രദമല്ലെന്നും പുതിയ കെട്ടിടം നിർമ്മിക്കുന്നതാണ് ഉചിതം എന്നും കമ്മിറ്റി വിലയിരുത്തി ആയതിനാൽ ടി കെട്ടിടം പൊളിച്ച് ശുചിത്വമിഷൻ ഫണ്ട് ഉപയോഗിച്ച് പുതിയ കെട്ടിടം 'ടേക്ക് എ ബ്രേക്കിനായി പ്രോജക്ട് പ്രകാരം നിർമ്മിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തി 27/11/2023 ൽ നടന്ന ഭരണസമിതിയോഗം തീരുമാനം 1(1) പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

ഇതിന്റെ തുടർനടപടികൾ അറിയിക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/19.08.24) ക്രമ നം. (1) ൽ പരാമർശിക്കുന്ന ടേക്ക് എ ബ്രേക്ക് കുടുംബശ്രീ മുഖേന തുറന്നു പ്രവർത്തിപ്പിക്കുന്നതിന് ഇടവക കമ്മിറ്റി സമ്മതിച്ചതായും തീരുമാനമെടുക്കുന്നതിനായി 24.08.2024 ലെ പഞ്ചായത്ത് കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നുമാണ് അറിയിച്ചിരിക്കുന്നത്. ക്രമ നം. (1) ൽ പരാമർശിച്ച ടേക്ക് എ ബ്രേക്ക് തുറന്ന് പ്രവർത്തിപ്പിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ക്രമ നം. (2) ലെ ടേക്ക് എ ബ്രേക്ക് 2023-24 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി പദ്ധതി ഏറ്റെടുത്തിട്ടുണ്ടെന്നാണ് അറിയിച്ചിരിക്കുന്നത്. ടേക്ക് എ ബ്രേക്ക് പ്രവർത്തനക്ഷമമാക്കി അറിയിക്കേണ്ടതാണ്.

## 1-17 കിണർ വൃത്തിയാക്കൽ പദ്ധതിയിലെ അപാകങ്ങൾ

163/24, 169/24, 179/24 -പൊതുകിണറുകൾ വൃത്തിയാക്കൽ പദ്ധതികളിൽ എം ബുക്കുകളിലെ ക്രമ നമ്പർ 1 ആയി DSR 50.2.3.1 പ്രകാരമുള്ള Pumping Or Bailing Out Water And Removing Slush Etc By Using Pump Set Including Cost Of Labour, Oil Hire Charges Of Pumpset, Etc Complete എന്ന പ്രവൃത്തിയും ക്രമ നമ്പർ 2 ആയി DSR 60.2.7 പ്രകാരമുള്ള BAILING OUT WATER BY ENGAGING COOLIE എന്ന പ്രവൃത്തിയും നിർവ്വഹിച്ചിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തികളുടെ DAR പരിശോധിച്ചതിൽ ക്രമ നമ്പർ 1 ലെ പ്രവൃത്തിയിൽ Labour Charge ഉൾപ്പെടുന്നു. കൂടാതെ ക്രമ നമ്പർ 2 ലെ പ്രവൃത്തിയിൽ Bailing Out Water By Engaging Coolie Where Ever Necessary Where Pumping With Engine And Pump Set Not Possible എന്ന് നിഷ്കർഷിക്കുന്നുണ്ട്. ലേബർ ചാർജും പമ്പ് സെറ്റിന്റെ വാടകയും ക്രമ നമ്പർ 1 ലെ പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ ക്രമ നമ്പർ 2 പ്രകാരമുള്ള പ്രവൃത്തി

അനുവദിച്ചതിനുള്ള കാരണം വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം 13/13.08.2024 നുള്ള മറുപടിയിൽ കിണറിലെ ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യാനാണ് DSR 60.2.7 പ്രകാരമുള്ള പ്രവൃത്തി ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പദ്ധതികളുടെ എം ബുക്ക് പരിശോധിച്ചതിൽ ക്രമ നമ്പർ 2 പ്രകാരമുള്ള പ്രവൃത്തി ഉയർന്ന അളവിലുമാണ് നിർവ്വഹിച്ചിട്ടുള്ളത് എന്ന് വ്യക്തമാണ്. ഉദാഹരണം- രണ്ടാം വാർഡിലെ കിണർ മെയിന്റനൻസിന്റെ ഭാഗമായി 6 മണിക്കൂർ 50.2.3.1 പ്രകാരമുള്ള Pumping Or Bailing Out Water എന്ന പ്രവൃത്തി നിർവ്വഹിച്ചപ്പോൾ 6 ദിവസമാണ് Bailing Out Water By Engaging Coolie എന്ന പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. ഭാവിയിൽ മേൽപ്പറഞ്ഞ അപാകങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 കോക്ലിയാർ ഇംപ്ലാന്റേഷൻ തുക അടവാക്കൽ - ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല – 50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പദ്ധതിയുടെ പേര് - കോക്ലിയാർ ഇംപ്ലാന്റേഷൻ ചെയ്തവർക്ക് തുടർ പ്രവർത്തനങ്ങൾക്ക് ധനസഹായം

പദ്ധതി നമ്പർ - 7/24

പദ്ധതി അടങ്കൽ - 50 000/- (വികസന ഫണ്ട് പൊതുവിഭാഗം)

പദ്ധതി ചെലവ് - 50 000/-

ബിൽ നം./തീയതി - 474/24.03.24

നിർവഹണം - ഐസിഡിഎസ് സൂപ്പർവൈസർ

കോക്ലിയാർ ഇംപ്ലാന്റേഷൻ ചെയ്ത വ്യക്തികൾക്ക് പ്രസ്തുത ഉപകരണം മെയിന്റനൻസ് ചെയ്യുന്നതിനാവശ്യമായ തുക സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കൈമാറുന്നതിന് വേണ്ടിയുള്ളതാണ് പദ്ധതി. മേൽ പ്രോജക്ടിന്റെ ഭാഗമായി ലെനിൻ ദാസ് S/o ക്രിസ്തുദാസൻ എന്ന ഗുണഭോക്താവിന് കോക്ലിയാർ ഇംപ്ലാന്റ് മെയിന്റനൻസിനായി സ്റ്റേറ്റ് ഹെൽത്ത് ഏജൻസി, കേരള എന്ന സ്ഥാപനത്തിന്റെ പേരിൽ 50,000/- രൂപ 24.03.24 ന് അനുവദിച്ചിരുന്നു. മേൽ തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിൽ നിന്നും ലഭ്യമായിട്ടില്ല. 31.05.24 ലെ ജോയിന്റ് ഡയറക്ടർ, സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയുടെ കത്ത് പ്രകാരം തുക കിട്ടി ബോധിച്ചതായും ഗുണഭോക്താവിന്റെ ചികിത്സയ്ക്ക് തുക ചെലവാകുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നുമാണ് അറിയിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (22/17.08.24) ഗുണഭോക്താവിന്റെ ചികിത്സയ്ക്ക് തുക ചെലവാകുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്ന് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി മറുപടി നൽകിയതായി നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-19 ആശ്രയ, പാഥേയം പദ്ധതികളുടെ തുക വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല - 4,40,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

**1) പ്രോജക്ട് നമ്പർ - 49/2024 ആശ്രയ മറ്റ് സേവനങ്ങൾ**

അടങ്കൽ – 2,00,000/- രൂപ

ചെലവു തുക – 2,00,000/- രൂപ

ഫണ്ടിനം - വികസനഫണ്ട് (ജനറൽ)

ACR ബിൽ നം./തീയതി – 251/04.12.2023

നിർവഹണം - അസിസ്റ്റന്റ് സെക്രട്ടറി

ആശ്രയ പദ്ധതി പ്രകാരം 2,00,000/- രൂപ കുടുംബശ്രീ സി.ഡി.എസ് ന് നൽകിയിട്ടുണ്ട്. പ്രസ്തുത തുക തൻവർഷം ചെലവഴിക്കാതെ സി.ഡി.എസ് ന്റെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. പദ്ധതി

വിഭാവനം ചെയ്തിരിക്കുന്നതിനനുസൃതമായി തുക വിനിയോഗിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

**2) പ്രോജക്ട് നമ്പർ - 50/24 പാഥേയം**

അടങ്കൽ – 14,17,968/- രൂപ (5,40,000 വികസന ഫണ്ട് + 8,77,968 ജില്ലാ പഞ്ചായത്ത് വിഹിതം)
ചെലവു തുക – 2,40,000/- രൂപ
ബിൽ നം./തീയതി – 34/22.03.2024
നിർവഹണം - അസിസ്റ്റന്റ് സെക്രട്ടറി

പാഥേയം പദ്ധതിക്കായി 2,40,000/- രൂപ സംയുക്ത പ്രോജക്ട് അലോട്ട്മെന്റ് റിക്വസ്റ്റിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ ജില്ലാ മിഷന് നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8 തീയതി. 12/08/24) വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനു ഹാജരാക്കുന്നതാണെന്ന് മറുപടി നൽകി. മേൽ പ്രോജക്ടുകൾ പ്രകാരമുള്ള 4,40,000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-20 മിനിമാസ്റ്റ് ലൈറ്റ് -ഇലക്ട്രിഫിക്കേഷൻ പൂർത്തിയാക്കിയില്ല

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 215/24 | |
| പേര് | മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| തനത് ഫണ്ട് | 1800000 | 1649995 |
| നിർവഹണം | സെക്രട്ടറി | |

കേരള ഇലക്ട്രിക്കൽ ആന്റ് അലീഡ് എൻജിനീയറിംഗ് ലിമിറ്റഡിൽ നിന്നും 11 മിനി മാസ്റ്റ് ലൈറ്റുകൾ ജി.എസ്.ടി ഉൾപ്പെടെ 16,49,995/- രൂപക്ക് വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. ഫയൽ പരിശോധനയിൽ ഒന്നാം വാർഡിലും പതിനേഴാം വാർഡിലും മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചെങ്കിലും നാളിതുവരെ കെ.എസ്.ഇ.ബി ക്ക് അപേക്ഷ നൽകി വൈദ്യുതി കണക്ഷൻ സ്ഥാപിച്ച് പ്രവർത്തനസജ്ജമാക്കിയിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട്. ടി മിനി മാസ്റ്റ് ലൈറ്റുകൾ നാളിതുവരെ പ്രവർത്തന സജ്ജമാക്കാത്തതിനുള്ള കാരണം വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം 26/19.08.2024 നുള്ള മറുപടിയിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിച്ചിട്ടുണ്ടെന്നും ഇലക്ട്രിക് പോസ്റ്റ് സ്ഥാപിച്ച് ലൈൻ എക്സ്റ്റൻഷൻ ചെയ്താൽ മാത്രമേ പ്രവർത്തനസജ്ജമാക്കാൻ കഴിയൂ എന്നും 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. 11 മിനി മാസ്റ്റ് ലൈറ്റുകളും പ്രവർത്തനസജ്ജമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-21 മരാമത്ത് പ്രവൃത്തി പൂർത്തിയാക്കിയില്ല

പ്രോജക്ട് നം. – 162/24
പദ്ധതി – ഇലങ്ക വിളാകം ഓടൽ ചെരിവ് നടപ്പാത നിർമ്മാണം
എസ്റ്റിമേറ്റ് – 12,09,000/- രൂപ
കരാറുകാരൻ – ഹരീഷ് .എസ്
നിർവഹണം – അസിസ്റ്റന്റ് എഞ്ചിനീയർ
അടങ്കൽ തുക – 12,09,350/- രൂപ
കരാർ തുക - 827653.13 (ഐറ്റം റേറ്റ്)
ചെലവ് - 4,41,015/-

പ്രവൃത്തി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് എഗ്രിമെന്റ് നം. 52/AE/LSGD/KKM/22-23/DT/22.02.23 പ്രകാരം കരാറുകാരനുമായി എഗ്രിമെന്റിൽ ഏർപ്പെടുകയും 22.02.2023 ന് കരാറുകാരന് സൈറ്റ് ഹാന്റ് ഓവർ ചെയ്യുകയും ചെയ്തിട്ടുണ്ട്. 4 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കണമെന്ന് ലെറ്റർ ഓഫ് അക്സപ്റ്റൻസിൽ വ്യവസ്ഥ ചെയ്യുന്നു. പ്രവൃത്തിയുടെ എം ബുക്ക് പരിശോധിച്ചതിൽ എസ്റ്റിമേറ്റിൽ നിന്ന് വളരെ കുറഞ്ഞ അളവുകളിലാണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളതെന്ന് വ്യക്തമായിട്ടുണ്ട്. തുടർന്ന് പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ലെന്നും ആയത് കരാർ ലംഘനമാണെന്നും ചൂണ്ടിക്കാട്ടി അസി.എഞ്ചിനീയർ കരാറുകാരന് 18.01.2024, 11.03.2024 തീയതികളിൽ കത്ത് നൽകിയിട്ടുണ്ട്. ഫയൽ പരിശോധനയിൽ റീട്ടെയിനിംഗ് വാൾ നിർമ്മാണത്തിനായി സ്ഥലം വിട്ടുനൽകാൻ വസ്തു ഉടമകൾ തയ്യാറാകാത്തതിനാൽ പ്രവൃത്തി പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല എന്ന് കരാറുകാരൻ അറിയിച്ചിട്ടുണ്ട്. പാർട്ട് ബില്ലായി 4,41,015/- രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 13/13.08.2024 നുള്ള മറുപടിയിൽ റീട്ടെയിനിംഗ് വാൾ നിർമ്മിച്ചാൽ മാത്രമേ നടപ്പാത നിർമ്മിക്കാൻ സാധിക്കുകയുള്ളൂ എന്നും നടപ്പ് സാമ്പത്തിക വർഷം തന്നെ പ്രവൃത്തി പൂർത്തിയാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 16.08.2024 ന് നടത്തിയ സ്ഥല പരിശോധനയിൽ നടപ്പാത നിർമ്മാണത്തോടനുബന്ധിച്ചുള്ള കോൺക്രീറ്റ് പടവുകളുടെ നിർമ്മാണം മാത്രമാണ് പൂർത്തിയാക്കിയതെന്ന് വ്യക്തമായിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-22 അംഗൻവാടി മെയിന്റനൻസ്-റൂഫ് നിർമ്മാണത്തിനായി ഡിസ്മാന്റിൽ ചെയ്ത ഇനങ്ങൾ ലേലം ചെയ്തില്ല

പ്രോജക്ട് നം. – 222/24
പദ്ധതി – അംഗൻവാടി മെയിന്റനൻസ് നം. 14, വാർഡ് – 17
നിർവഹണ ഉദ്യോഗസ്ഥൻ – അസിസ്റ്റന്റ് എഞ്ചിനീയർ
അടങ്കൽ/എസ്റ്റിമേറ്റ് – 5,00,000/- രൂപ
കരാറുകാരൻ – അനു .ആർ.ബി
കരാർ തുക - 418611.82 രൂപ
ചെലവ് – 4,87,893/- രൂപ

അംഗൻവാടിയുടെ നിലവിലെ റൂഫ് ഡിസ്മാന്റിൽ ചെയ്ത് പുതിയ റൂഫ് നിർമ്മാണത്തിനായുള്ള പ്രവൃത്തിയുടെ എം ബുക്ക് പരിശോധിച്ചതിൽ 558.06 കി.ഗ്രാം സ്റ്റീൽ, 56 Sqm ജി.ഐ ഷീറ്റ്, 77 Sqm ഫാൾസ് സീലിംഗ്, 144 കി.ഗ്രാം ജി.ഐ.ചെയിൻ ലിങ്ക് എന്നിവ ഡിസ്മാന്റിൽ ചെയ്തിട്ടുണ്ട്. ഡിസ്മാന്റിൽ ചെയ്ത മേൽപ്പറഞ്ഞ ഇനങ്ങൾ ലേലം ചെയ്യുന്നതിനായി 3049/- രൂപയുടെ സർവ്വേ റിപ്പോർട്ട് അസിസ്റ്റന്റ് എൻജിനീയർ 18.11.23 ന് തയ്യാറാക്കിയിട്ടുണ്ട്. ഡിസ്മാന്റിൽ ചെയ്ത ഇനങ്ങൾ ലേലം ചെയ്തതിന്റെ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. ഓഡിറ്റ് അന്വേഷണം 13/13.08.2024 നുള്ള മറുപടിയിൽ ഡിസ്മാന്റിൽ ചെയ്ത ഇനങ്ങൾ തുരുമ്പെടുത്ത് നശിച്ച അവസ്ഥയിലാണെന്ന് മറുപടി നൽകിയിട്ടുണ്ട്. സർവ്വേ റിപ്പോർട്ട് തയ്യാറാക്കുന്നത് ഡിസ്മാന്റിൽ ചെയ്ത ഇനങ്ങൾ പരിശോധിച്ച ശേഷം മാത്രമാണ്. ആയതിനാൽ ഉപയോഗശൂന്യമായി എന്ന മറുപടി അംഗീകരിക്കാൻ കഴിയില്ല. ഇളക്കിമാറ്റിയ വസ്തുക്കൾക്ക് മൂല്യം നിശ്ചയിച്ച്, ലേല നടപടികൾക്കായി അസിസ്റ്റന്റ് എഞ്ചിനീയർ സെക്രട്ടറിക്ക് കൈമാറിയിട്ടും, ആയത് ലേലനടപടികളിലൂടെ മുതൽക്കൂട്ടാത്തത് സെക്രട്ടറിയുടെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഡിസ്മാന്റിൽ ചെയ്ത ഇനങ്ങൾ ലേലം ചെയ്യാത്തതിനുള്ള തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ടി നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിവരം

| വിഹിതം നൽകിയ സ്ഥാപനം | മുന്നിരിപ്പ് | തൻവർഷം ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് (*) |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 26048 | 3760000 | 61 ഭവന നിർമ്മാണം ലൈഫ് ജനറൽ പാർപ്പിടം | 3760000 | 0 |
| | | 420375 | 2 സ്നേഹസ്പർശം മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 420375 | |
| | | 120000 | ക്ഷീര സമൃദ്ധി- പാലിന് സബ്സിഡി നല്കൽ | 120000 | |
| **ആകെ** | **26048** | **4300375** | | **4300375** | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 680370 | 706000 | 61 ഭവന നിർമ്മാണം ലൈഫ് ജനറൽ പാർപ്പിടം | 706000 | 0 |
| | | 413250 | 2 സ്നേഹസ്പർശം മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 413250 | |
| | | 50000 | ക്ഷീര സമൃദ്ധി- പാലിന് സബ്സിഡി നല്കൽ | 50000 | |
| | | 400000 | മഞ്ഞത്തോപ്പ് റോഡ് മെയിന്റനൻസ് | 400000 | |

| | | | | | |
|---|---|---|---|---|---|
| **ആകെ** | **680370** | **1569250** | | **1569250** | 0 |

**(*) നീക്കിയിരിപ്പ് സംബന്ധിച്ച അപാകത ഖണ്ഡിക 1-1-14 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.**

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

**സുലേഖ ചെലവ് പത്രിക പ്രകാരം**

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|
| ANERT | പഞ്ചായത്ത് ഓഫീസിൽ സോളാർ സ്ഥാപിക്കൽ | 812285 | ൦ | 812285 |
| KSEB | വൈദ്യുതി ലൈൻ നീട്ടൽ | 719382 | ൦ | 719382 |

**വാർഷിക ധനകാര്യ പത്രിക പ്രകാരം**

| | | **2023-24** | | | |
|---|---|---|---|---|---|
| | **മുൻ ബാക്കി** | **മുൻകൂർ നൽകിയ തുക** | **ആകെ തുക** | **വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് + തിരികെ ഒടുക്കിയത്** | **ബാക്കി തുക** |
| **കെ.എസ്.ഇ.ബി** | 9394586 | 1094382* | 10488968 | - | 10488968 |
| **കേരള വാട്ടർ അതോറിറ്റി** | 2384700 | - | - | - | 2384700 |
| **അനർട്ട്** | - | 812285 | 812285 | - | 812285 |

* 375000/- രൂപയുടെ ചെലവ് വിവരം ലഭ്യമാക്കിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പ വിവരം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക (RP -31 പ്രകാരം) | ആകെ | തൻവർഷം തിരിച്ചടച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (B-5 ഷെഡ്യൂൾ പ്രകാരം) |
|---|---|---|---|---|---|
| KURDFC | 39737791 | 8858969 | 48596760 | 5610516 | 42986244 |

## 4-5 സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| തുക | എഫ്.ഡി നമ്പർ | നിക്ഷേപിച്ച തീയതി | പലിശ നിരക്ക് |
|---|---|---|---|
| 50 ലക്ഷം | 6678818647 | 26.09.2018 | 6.3 % |

## 4-6 ഓഡിറ്റ് റിക്കവറി വിവരങ്ങൾ

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2021-22 | 1-40 | 2022-23 | 2-1-2 | ടേക്ക് എ ബ്രേക്ക് പദ്ധതി | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| മുന്നിരിപ്പ് | 26571181.70 |
| ഓഡിറ്റ് വർഷത്തെ വരവ് | 81335266 |
| ആകെ | 107906447 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 95052350 |
| നീക്കിയിരിപ്പ് | 12854097 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **5,89,983** |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായഉദ്ദ്യോഗസ്ഥൻ |
|---|---|---|
| | ഇല്ല | |

**സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 99,983 | ഡോ. മീരാറാണി, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-18 | 50,000 | ശ്രീമതി. ദീപ, ഐ.സി.ഡി.എസ്സ്. സൂപ്പർവൈസർ |
| 1-19 | 4,40,000 | ശ്രീമതി. ഷിജി രാജൻ, അസിസ്റ്റന്റ് സെക്രട്ടറി |
| **ആകെ** | **5,89,983** | |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല

**എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം.**

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരംമേൽവിലാസം |
|---|---|---|---|
| 1 | ഡോ. മീരാറാണി, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ, ഗവ. ഹോമിയോ ഡിസ്പെൻസറി, കരുംകുളം | മണിമന്ദിരം, പുറത്തേക്കാട്, വില്ലേജ് ഓഫീസ് റോഡ്, മലയിൻകീഴ് |
| 2 | ശ്രീമതി. ദീപ, ഐ.സി.ഡി.എസ്സ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്സ്. സൂപ്പർവൈസർ, അതിയന്നൂർ ബ്ലോക്ക് | സത്മം, വട്ടവിള, കോട്ടുകാൽ .പി.ഒ. |
| 3 | ശ്രീമതി. ഷിജി രാജൻ, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, കരുംകുളം ഗ്രാമപഞ്ചായത്ത് | രേവതി, കണ്ണറവിള, നെല്ലിമൂട്. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | ഖണ്ഡിക നമ്പർ |
|---|---|---|---|
| 1999-2000 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 4 | |
| 2000-01 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 2 | |
| 2001-02 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 8 | |
| 2002-03 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 1 | |
| 2003-04 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 1 | |
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 1 | |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 1 | |
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 4 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 3 | |
| 2008-09 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 4 | |

| | | | |
|---|---|---|---|
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 5 | |
| 2010-11 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 6 | |
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 7 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 3 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 4 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1963/2022 തീയതി 18.11.2022 | 12 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1167/2017 തീയതി 01.06.2019 | 5 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/99/2018 തീയതി 15.03.2018 | 11 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/99/2018 തീയതി 15.03.2018 | 13 | |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1045/2024 തീയതി 21.06.2024 | 31 | |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/32/2024 തീയതി 12.06.2024 | 14 | |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1015/2022 തീയതി 17.02.2024 | 34 | |
| 2021-22 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/2218/2022 തീയതി 02.03.2024 | 31 | |
| 2022-23 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1962/13 തീയതി 13.12.2023 | 49 | |

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## Annexure-1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 12-06-2024 and submitted on 01-07-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Karumkulam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Karumkulam Grama Panchayat as on 31-03-2024

**Date: 28/11/2024** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of Karumkulam Grama Panchayat for the Year 2023-2024.

### 1.Major Observations

Nil

### 2.Other Observations

1. The financial ratios & notes to accounts are not submitted for audit.

2. The valuation of stock and stores has not been verified and recorded at the end of the financial year and included in the B-14 Schedule of Balance Sheet under Stock in hand (inventories)

3. Cash flow statement-Net increase/decrease in cash and cash equivalents does not match with the net cash generated through operating, financing and investing activities.

4. When calculating the gross surplus/(deficit) of income over expenditure after prior period items in the Income & Expenditure Statement Abstract Report, the net difference between the prior period income and expenditure amount is shown as Rs. -1337682/- instead of Rs. 1337682/-.

5. Schedule B-1, which determined the Financial outcome (Panchayat fund) for the year, has not been made available along with the annual accounts.

6. As per the Kerala Panchayat Raj Accounts Rules, Rule 17 (2), the monthly demand for each item of income to be approved by the Grama Panchayat shall be recorded through a journal entry. But on checking the ledger of various accrual income, the demand entry was recorded only at the end of the financial year 2023-24. Examples are given below.

| **Head code** | **Item** | **Date of demand entry** |
|---|---|---|
| 110100101 | Property tax on residential building | 31.03.2024 |
| 110100102 | Property tax on non residential building | |
| 110200101 | Profession tax institution | |
| 110200105 | Profession tax traders | |

7. Provision is not recorded in the Balance Sheet B-9 schedule for various outstanding expenses such as honorarium of elected representatives, fuel expenses etc. which are not met within the financial year 2023-24.

8. An amount Rs. 372735/- has been recorded in the head 350800101 Liability in respect of stale cheque. But details of funds and cheques were not mentioned in the ledger. Therefore, the accuracy of the amount could not be verified in audit.

9. As per Annual financial statement the income is Rs. 159185102/- and the expenditure is Rs. 164761687/-. The expenditure exceeds income.

10. Bank Statement and Reconciliation Statement of State Bank of India (SBI E-Payment),Indian bank (Indian bank TSC) accounts which are included in Schedule B-17 of the Balance Sheet, have not been made available for audit. Therefore, the accuracy of the amount could not be verified.

11. After checking the records and documents as per the ILGMS software, various stale cheques have been included in the reconciliation report. But that cheques have not been included under the Liability in respect of stale cheque head.

12. The collection and balance amounts in the annual financial statements of property tax on residential and non-residential buildings do not match with the Sanchaya software DCB report.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021 /തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്